# ജാമക്കാരൻ
# JAMAKKARAN

VOLUME - 2 Reg NO.TNBIL/2016/70171 ISSUE - 1
JANUARY 2018 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**
**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com



കർത്താവിൽ പ്രിയരെ,

നിങ്ങൾക്കേവർക്കും 2018 ലെ നവവത്സരാംസകൾ ഞങ്ങൾ കുടുംബമായി നേരുന്നു.

### വാഗ്ദത്തം

ഓരോ വർഷാരംഭയോഗത്തിലും ഈ വർഷത്തെ വാഗ്ദത്തം എന്ന പേരിൽ സഭകളും ശുശ്രൂഷകളും ശുശ്രൂഷ കന്മാരും ഒരു വചന കാർഡ് നൽകാറുണ്ട്. അതുപോലെതന്നെ ഈ വർഷത്തെ പ്രവചനം എന്ന് കർത്താവു പറഞ്ഞു എന്ന പേരിൽ കള്ള പ്രവാചകന്മാരും കള്ള പാസ്റ്റർമാരും പറയുന്നതും പതിവായിപ്പോയി. മുമ്പ് സൂചിപ്പിച്ചതുപോലെ പുതുവർഷ വാഗ്ദത്തം, പ്രവചനങ്ങൾ എന്നിവ വചനവിരുദ്ധമാണ്. വായനക്കാർ ആരും വിശ്വസിക്കരുത്. ഓരോരോ വർഷങ്ങൾക്കുമായി പുതിയ പ്രവചനങ്ങൾ കർത്താവ് പറയുന്നില്ല. മറ്റുള്ളവരെപ്പോലെ ചുരുക്കംചില വായനക്കാരും പുതുവർഷവാഗ്ദത്തവും പ്രവചനവും എന്നിൽ നിന്ന് പ്രതീക്ഷിക്കുന്നു. ഞങ്ങൾക്കുള്ള വാഗ്ദത്തവും പ്രവചനവും എഴുതി അയക്കേണമേ എന്ന് ധാരാളം കത്തുകൾ വരുന്നു. ക്രിസ്തീയ ലോകത്തിലെ ഒരു ട്രന്റ് ആണ് ഈ വാഗ്ദത്തവും പ്രവചനവും. ഓരോ വർഷാരംഭത്തിലും വാഗ്ദത്തവും പ്രവചനവും പ്രതീക്ഷിക്കുന്ന എന്റെ വായനക്കാരോട് ചോദിക്കട്ടെ: മുമ്പ് പല വ്യക്തികളിൽ നിന്നും, ശുശ്രൂഷകരിൽ നിന്നും, ശുശ്രൂഷകളിൽ നിന്നും നിങ്ങൾക്കു ലഭിച്ച വാഗ്ദത്തങ്ങളും പ്രവചനങ്ങളും എന്തായി? മറ്റുള്ളവ ഓർമ്മയില്ലെങ്കിൽ പോകട്ടെ, കഴിഞ്ഞവർഷ വാഗ്ദത്തവും പ്രവചനവും ഓർമ്മയുണ്ടോ? അവയുടെ സ്ഥിതി എന്തായി? വായനക്കാർ നീരസപ്പെടാതെ, ഒരു നിമിഷം ചിന്തിക്കുമോ? കഴിഞ്ഞവർഷം ലഭിച്ച വാഗ്ദത്തം ഈ 2018 ലും പ്രയോജനപ്പെടില്ലേ?

ജാമക്കാരൻ വായനക്കാർ ഓരോ വർഷവും വാഗ്ദത്തങ്ങൾ പ്രതീക്ഷിക്കുന്നതിൽ എനിക്കു ഏറെ ദുഃഖമുണ്ട്. വേദപുസ്തകത്തിലെ വാഗ്ദത്തങ്ങൾ – ഇന്നലെയും ഇന്നും

ജാമക്കാരൻ JAMAKKARAN

JANUARY 2018

ഇനി നാളെയും എക്കാലത്തേയ്ക്കും ഉള്ളതാണ്. 2 കൊരി 1:20 ൽ "ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വു എന്നത്രേ; അതുകൊണ്ടു ഞങ്ങളാൽ ദൈവത്തിന്നു മഹത്വം ഉണ്ടാകുമാറു അവനിൽ ആമേൻ എന്നും തന്നേ" എന്ന് പൗലൊസ് പ്രഖ്യാപിക്കുന്നു.

വേദപുസ്കത്തിലെ വാഗ്ദത്തങ്ങൾ വായിച്ച് അവയുടെ ചരിത്രപശ്ചാത്തലം മനസ്സിലാക്കി ദൈവം ആർക്ക് നല്കി എന്ന് മനസ്സിലാക്കി അതിന്റെ പ്രായോഗിക അടിസ്ഥാനത്തിൽ ആ വാഗ്ദത്തം നമ്മുടെ സ്വന്തമാക്കണം.

**വാഗ്ദത്തം സ്വന്തമാക്കി പ്രാർത്ഥിക്കൽ എന്നാൽ....**

ബൈബിൾ വിവരിക്കുന്ന ദൈവം ഒരു മായാ – മാന്ത്രികനോ, ഇന്ദ്രജാലക്കാരനോ അല്ല. മറിച്ച് ഇന്നലെയും ഇന്നും എന്നേക്കും അനന്യനായ ദൈവമാണ്. മനുഷ്യന് അവന്റെ മുൻഗണനാക്രമം – തന്റെ ശരീരം, തന്റെ കുടുംബം, തനിക്കുള്ളവ എന്നിങ്ങനെയാണ്. എന്നാൽ ദൈവത്തിന്റെ മുൻഗണനാക്രമം തിരിച്ചാണ്. ഒന്നാമത് : ആത്മാവ് രണ്ടാമത്: ദേഹി മൂന്നാമത് : ദേഹം എന്നിങ്ങനെയാണ് (1 തെസ്സ 5:23).

ഈ ദൈവക്രമത്തിൽ നാം ആയിത്തീരുമ്പോഴാണ് ദൈവം നമ്മുടെ പ്രാർത്ഥനകൾ കേൾക്കുന്നതും, മറുപടി നല്കുന്നതും. അഥവാ ദൈവിക വാഗ്ദത്തങ്ങൾ നമ്മുടെതായിത്തീരുന്നത്.

ഉദാഹരണമായി : ദൈവമേ എന്നെയും, എന്റെ കുടുംബത്തെയും അനുഗ്രഹിക്കേണമേ എന്ന് പ്രാർത്ഥിച്ചാൽ, നമ്മുടെ ആവശ്യം – ശാരീരിക, ഭൗമിക നന്മയും അനുഗ്രഹങ്ങളും, അനുകൂല സാഹചര്യങ്ങളും ഉണ്ടാകണം എന്നാണ്. ഇതു തന്നെയാണ് ക്രിസ്തീയ മതക്കാരും മറ്റ് മതക്കാരും പ്രാർത്ഥിക്കുന്നത്. എന്നാൽ ശേഷം മനുഷ്യരെപ്പോലെ പ്രാർത്ഥിച്ച ശേഷം മനുഷ്യൻ പോകുന്നിടത്ത് (മത്തായി 25:41) പോകാൻ നമ്മെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നില്ല. വചനപ്രകാരം മുകളിലെ പ്രാർത്ഥനാ ഇങ്ങനെ മാറ്റിച്ചൊല്ലണം.

സ്വർഗ്ഗസ്ഥനായ പിതാവേ, "കർത്താവായ യേശുവിൽ വിശ്വസിക്ക. എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും." എന്ന് അങ്ങ വാക്കു തന്നിട്ടുണ്ടല്ലോ. കൃപയാൽ ഞാൻ രക്ഷിക്കപ്പെടുവാനും അങ്ങേയ്ക്ക് എന്റെ ജീവിതവും, ആഗ്രഹങ്ങളും, ലക്ഷ്യങ്ങളും നല്കി, അങ്ങയെ എന്റെ ആത്മഭർത്താവും, രക്ഷകനുമായി അംഗീകരിക്കുവാനും ഏറ്റു പറയുവാനും അങ്ങയുടെ പൈതലായിത്തീരുവാനും അങ്ങ് എന്നെ സഹായിച്ചു. ഇപ്പോൾ അങ്ങയുടെ അപ്പൊസ്തലന്മാർ കല്പിച്ചു തന്ന മാതൃകയനുസരിച്ച് (അപ്പോ.2:37–47) ദൈവകൃപയിലാശ്രയിച്ച് ജീവിക്കുവാനും, എന്നാൽ കഴിയുന്നവരോട് ആവോളം അങ്ങയെക്കുറിച്ച് പറയുകയും (സാക്ഷീകരിക്കുകയും) ചെയ്യുന്നു. ഞാൻ അനുഭവിക്കുന്ന ഈ ഭാഗ്യവും സന്തോഷവും ദയവായി എന്റെ ജീവിതപങ്കാളിക്കും, മക്കൾക്കും, കുടുംബാംഗങ്ങൾക്കും, സഹോദരങ്ങൾക്കും, കൂടെപ്പിറപ്പുകൾക്കും, ബന്ധുജനങ്ങൾക്കും, അയൽപ്പക്കക്കാർക്കും, ദേശവാസികൾക്കും, സഹപാഠികൾക്കും, സഹപ്രവർത്തകർക്കും എന്റെ സഭ/ഇടവകയിലെ സഹോദരങ്ങൾക്കും നല്കേണമേ എന്ന് നിങ്ങൾ പ്രാർത്ഥിച്ചാൽ അപ്പോ.പ്ര 16:31 ലെ വാഗ്ദത്തം നിങ്ങളിൽ നിവൃത്തിയാകുകയും, നിങ്ങളുടെ കുടുംബം അനുഗ്രഹിക്കപ്പെടുകയും ചെയ്യും.

**വാഗ്ദത്ത വചനം വിശ്വസിച്ച് അവകാശമാക്കുന്നത് എങ്ങനെ?**

യെശ 34:16 ൽ നാമിപ്രകാരം വായിക്കുന്നു : "മരുമൃഗങ്ങളും ചെന്നായ്ക്കളും തമ്മിൽ എതിർപ്പെടും; വനഭൂതം വനഭൂതത്തെ വിളിക്കും; അവിടെ വേതാളം കിടക്കുകയും വിശ്രാമം പ്രാപിക്കുകയും ചെയ്യും."

അനേകരും പ്രാർത്ഥിക്കുവാൻ യോഹന്നാൻ 14:14 ("എന്റെ നാമത്തിൽ (യേശു) നിങ്ങൾ എന്തു ചോദിച്ചാലും അതു നിങ്ങൾക്കു കിട്ടും") വായിച്ച് അതിൽ പറയുന്നപ്രകാരം തങ്ങളുടെ

ആവശ്യങ്ങൾ അതേപോലെ നിറവേറ്റിത്തരണം എന്ന് പ്രാർത്ഥിക്കാറുണ്ട്. ഓർക്കുക : പ്രാർത്ഥനയോടുള്ള ബന്ധത്തിൽ ഈ ഒറ്റവാക്യം മാത്രമാണോ കർത്താവും അപ്പൊസ്തലന്മാരും നമ്മോട് കല്പിച്ചിട്ടുള്ളത്. അല്ല! എങ്കിൽ എന്താണ് ചൊല്ലേണ്ടത്? പ്രാർത്ഥനയോടുള്ള ബന്ധത്തിലുള്ള മറ്റ് വചനങ്ങളും വായിച്ച് ധ്യാനിച്ച്, വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമായും സ്പഷ്ടമായും മനസ്സിലാക്കിയ ശേഷം പ്രാർത്ഥനയിൽ വിഷയങ്ങൾ വയ്ക്കുമ്പോൾ കർത്താവ് പ്രാർത്ഥന കേൾക്കുന്നു, മറുപടി നല്കുന്നു.

1 യോഹ 5:14 ൽ ദൈവവേഷ്ടപ്രകാരം / ദൈവഹിതമനുസരിച്ച് നിങ്ങൾ ആവശ്യപ്പെടുന്നതെന്തും കർത്താവ് നല്കിത്തരും എന്ന് നാം വായിക്കുന്നു. അങ്ങനെയെങ്കിൽ നമ്മുടെ ആവശ്യങ്ങളിൽ ആദ്യം നാം ചെയ്യേണ്ടത് ഇവയിൽ ഏതൊക്കെ ദൈവഹിതം / ഇഷ്ടപ്രകാരം ഉള്ളത് എന്നാണ്?. പലരും ധരിച്ചുവച്ചിരിക്കുന്നത് “കർത്താവിന്റെ നാമത്തിൽ, ആമേൻ” എന്ന് അവസാനം പറഞ്ഞാൽ ദൈവം എല്ലാം ചെയ്തുതരും എന്നാണ്. ഇത് വളരെ തെറ്റായ ചിന്തയാണ്. കർത്താവിന്റെ നാമത്തിൽ എന്നുവച്ചാൽ “കർത്താവിന്റെ നാമത്തിന് മഹത്വം വരുന്നു എങ്കിൽ” എന്നാണ്. നമ്മുടെ ആവശ്യങ്ങൾ പ്രാർത്ഥനയിൽ സമർപ്പിക്കുന്നത്, നമ്മുടെ ആഗ്രഹംപൂർത്തികരിക്കാനാണോ, അഥവാ ദൈവനാമം മഹത്വപ്പെടണം എന്നാണോ?

ഇതോടൊപ്പം വളരെ പ്രാധാന്യമുള്ള മറ്റൊരു കല്പന കൂടെ നാം ചിന്തിക്കേണ്ടതുണ്ട്. യോഹന്നാൻ 15:7ൽ ‘നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും ഉണ്ടായിരുന്നാൽ നിങ്ങൾ യാചിക്കുന്നതെന്തോ അതു നിങ്ങൾക്ക് ലഭിക്കും” “എന്ന് കർത്താവ് കല്പിക്കുന്നു. കർത്തൃനാമത്തിൽ പ്രാർത്ഥിച്ചതും ശരിതന്നെ, ദൈവേഷ്ടം എന്ന് കരുതി/മനസ്സിലാക്കി ചോദിച്ചതും ശരിതന്നെ. പക്ഷേ പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കാൻ കർത്താവിന്റെ വചനം അനുസരിച്ചശേഷം, നമ്മുടെ ഹൃദയത്തിലും, ചിന്തയിലും, ആഗ്രഹങ്ങളിലും, പ്രവൃത്തികളിലും ഉണ്ടായിരുന്നാൽ മാത്രമേ പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കൂ! എന്റെ വചനത്തിന് മുമ്പിൽ വിറയ്ക്കുന്നവനെ ഞാൻ കടാക്ഷിയ്ക്കും” എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. ഈ രീതിയിൽ നിങ്ങൾക്കു ലഭിക്കുന്ന വാഗ്ദത്ത വചനങ്ങളെ വായിച്ച്, ചിന്തിച്ച്, ആലോചിച്ച് മറ്റു വചനങ്ങളും ധ്യാനിച്ച് സ്വന്തമാക്കുക. അനുഗ്രഹങ്ങൾ അവകാശമായി ദൈവം നല്കിത്തരും. നമ്മുടെ ദൈവം വാക്കു മാറാത്തവനാണ്. “ആകാശവും ഭൂമിയും മാറിപ്പോയാലും എന്റെ വചനങ്ങൾ മാറിപ്പോകുകയില്ല” എന്ന് വാക്കു തന്ന കർത്താവ് നിങ്ങളുടെ ഉള്ളിലെ വചനത്തിന്റെ തോതനുസരിച്ച്, കർത്താവിന് നിങ്ങൾ ഫലം കായ്ക്കുന്നതനുസരിച്ച്, നിങ്ങൾ അവിടുത്തെ വരവിന് ഒരുങ്ങുന്നതനുസരിച്ച്, നിങ്ങളാൽ കഴിയുന്നവരെ വരവിന് ഒരുക്കുന്നതനുസരിച്ച് നിങ്ങളുടെ പ്രാർത്ഥനകൾക്കു മറുപടി നല്കിക്കൊണ്ടേയിരിക്കും! ഈ പുതുവർഷം നിങ്ങളുടെ കണ്ണും കാതും കരളും വചനം നിറയുന്ന, ധ്യാനിക്കുന്ന, ഫലം കായിക്കുന്ന വർഷമായിത്തീരാൻ കർത്താവിന്റെ നന്മകളുടെ അടയാളമായിത്തീരാൻ ഒരിക്കൽക്കൂടെ ഞങ്ങൾ ആശംസകൾ നേരുന്നു.

* കഴിഞ്ഞ 2017 ലെ എല്ലാ യോഗങ്ങളും അനുഗ്രഹപ്രദമായിരുന്നു. യോഗങ്ങൾ സംഘടിപ്പിച്ച എല്ലാ ബിഷപ്പുമാർക്കും, ശുശ്രൂഷകർക്കും, സംഘാടകർക്കും എന്റെ നന്ദിയും! ആശംസകളും!!

* 2017 ഡിസംബർ വരെ നിങ്ങൾ അയച്ച കത്തുകൾക്കു മറുപടി എഴുതി. നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾക്കായി ഞങ്ങൾ തുടർന്നും പ്രാർത്ഥിക്കുന്നു.

* 2018 ൽ എല്ലാ ജാമക്കാരൻ വായനക്കാരെയും ദൈവം സമൃദ്ധിയായി അനുഗ്രഹിച്ച് നിങ്ങളുടെ ആഗ്രഹങ്ങൾ കർത്താവ് നിറവേറ്റിത്തരുമാറാകട്ടെ!

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ **ഡോ.പുഷ്പരാജ്**

# നവവത്സരത്തിൽ നമ്മെ നടത്തുന്ന നന്മയുടെ നായകൻ

"ഒന്നാം മാസം ഒന്നാം തിയതി എസ്രാ ബാബേലിൽ (ബാബിലോണിൽ) നിന്ന് യാത്ര പുറപ്പെട്ടു. തന്റെ ദൈവത്തിന്റെ കൈ തനിക്കു അനുകൂലമായിരുന്നതുകൊണ്ട് എസ്രാ അഞ്ചാം മാസം ഒന്നാം തിയതി യെരുശലേമിൽ എത്തി'' (എസ്രാ 7:9).

മനുഷ്യജീവിതം ഒരു നീണ്ടയാത്രയാണ്. നമ്മുടെ ജനനത്തോടുകൂടി യാത്ര ആരംഭിച്ച് മരണത്തോടുകൂടി താല്ക്കാലിക വിരാമമിടുന്ന യാത്ര. ജനനത്തിനും മരണത്തിനുമിടയിലുള്ള വിടവ് ഓരോ ദിവസങ്ങളുടെ കടന്നുപോകലിലൂടെ കുറഞ്ഞുവരുന്നു. മനുഷ്യരിൽ ഭൂരിഭാഗവും ഈ യാഥാർത്ഥ്യം അറിയുന്നില്ല; ചിന്തിക്കുന്നുമില്ല. അമ്മയുടെ ഗർഭപാത്രം (womb) മുതൽ ഭൂമി യുടെ ഗർഭപാത്രം (കല്ലറ; Tomb) വരെയുള്ള കാലയളവിനെ ജീവിതം എന്ന് വിളിക്കുന്നു.

ഈ ജീവിതത്തിൽ മനുഷ്യരുടെ പ്രാർത്ഥനകൾ, പ്രയാണങ്ങൾ, പ്രയാസങ്ങൾ, നന്മതിന്മ തുടങ്ങി എന്തെല്ലാം കോലാഹലങ്ങൾ....എന്നാൽ മരണാനന്തരം അവയെല്ലാം വിസ്മൃതിയിലേക്കു ആണ്ടുപോകുന്നു. ഈ സത്യമാണ് 90-ാം സങ്കീർത്തനത്തിൽ മോശെ അനാവരണം ചെയ്യുന്നത്: "ജീവിതം : (1) ഒഴുകുന്ന വെള്ളം (2) നിദ്രയിലെ സ്വപ്നം (3) രാവിലെ മുളെച്ച് വൈകുന്നേരം അരിഞ്ഞ് വാടിപ്പോകുന്ന പുല്ല്."

ദൈവം മനുഷ്യായുസ്സിന് അതിർവച്ചിരിക്കുന്നു. 70 അല്ലെങ്കിൽ 80 വർഷങ്ങൾ. മോശെ തന്റെ ആയുസ്സിന്റെ അന്ത്യത്തിലും ആരോഗ്യദൃഢഗാത്രനായിരുന്നു. പക്ഷേ, അപ്പോസ്തലനായ പത്രോസാകട്ടെ, തന്റെ വാർദ്ധക്യത്തിൽ എപ്രകാരമായിരിക്കുമെന്ന് കർത്താവ് തന്നെ മുന്നറിയി ച്ചു. "ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു: നീ യൗവ്വനക്കാരൻ ആയിരുന്നപ്പോൾ നീ തന്നേ അര കെട്ടി ഇഷ്ടമുള്ളേടത്തു നടന്നു; വയസ്സനായശേഷമോ അര കെട്ടി ഇഷ്ടമുള്ളേ ടത്തു നീ കൈ നീട്ടുകയും മറ്റൊരുത്തൻ നിന്റെ അര കെട്ടി നിനക്കു ഇഷ്ടമില്ലാത്ത ഇടത്തേക്കു നിന്നെ കൊണ്ടുപോകുകയും ചെയ്യും എന്ന് പറഞ്ഞു (യോഹ 21:18)."

## ദൈവത്തിന്റെ ദയയുടെ കരം നമ്മോടു കൂടെയുണ്ട്

എസ്രാ ശാസ്ത്രി ബി.സി.457-ാമാണ് ബാബിലോണിൽ നിന്ന് യെരുശലേമിലേക്കു യാത്ര തിരിച്ചു. 800 കി.മീ ദൂരം 4 മാസം കൊണ്ട് കടന്നു (120 ദിവസം). ഒരുദിവസം 7 കി.മീറ്ററുകൾ യാത്ര ചെയ്തു. നീണ്ട നാളുകളായി മനസ്സിൽ കൊണ്ടുനടന്ന സ്വപ്നപദ്ധതി - യെരുശലേമിന്റെ നവീകരണം നടപ്പാക്കാൻ തെരഞ്ഞെടുത്ത തിയതി എന്തുകൊണ്ടും അനുയോജ്യമായ തിയതി തന്നെ. വർഷത്തിന്റെ ആദ്യമാസം ആദ്യദിനം. 'ഒന്നാംസ്ഥാനം' ദൈവത്തിന് നല്കി എസ്രാ.

ബി.സി.520-ൽ സെരുബാബേലിന്റെ നേതൃത്വത്തിൽ രണ്ടാമത്തെ യെരുശലേം ദേവാലയ ത്തിന്റെ പണിപൂർത്തിയായി. ഇപ്പോഴിതാ വർഷങ്ങൾ 60 കഴിഞ്ഞിരിക്കുന്നു. പക്ഷേ ദൈവവചന ത്തിന് ദേവാലയത്തിൽ സ്ഥാനമില്ലാതായിരിക്കുന്നു. വചനം പാരായണം ചെയ്യുവനോ, അതു വിശദീകരിക്കുവാനോ, പഠിപ്പിക്കുവാനോ ആളില്ലാത്ത സ്ഥിതി! എത്ര ദയനീയം!! ഈ ശൂന്യാ

വസ്ഥ നിറവേറ്റുവാനാണ് എസ്രാ ഇത്ര ദുർഘടമേറിയ യാത്രയ്ക്ക് ഇറങ്ങിയിരിക്കുന്നത്. വചനം പഠിക്കുവാനും പഠിപ്പിക്കുവാനും ജീവിതം അതിനനുസരിച്ച് ക്രമീകരിക്കുവാനും തന്റെ ഹൃദയത്തിന് ഏറെ സന്തോഷം നല്കിയ എസ്രായുടെ പ്രവർത്തനങ്ങൾ കണ്ട് ദൈവം യാത്രയ്ക്കു വേണ്ട സാഹചര്യവും, സംരക്ഷണവും മറ്റും എല്ലാം ഒരുക്കുന്നു.

നമ്മുടെ ജീവിതവും ഒരു നീണ്ടയാത്രയാണ്. 2017–നെ വിട്ട് 2018 ലേക്കു കാലൂന്നാൻ പോകുന്നു. ദീർഘമേറിയ യാത്രയുടെ ഒരു പടികൂടെ കയറാൻ തുടങ്ങുന്നു. നമുക്കും ആവശ്യം കർത്താവിന്റെ കരുണയുടെ കരങ്ങളാണ്. ദൈവം നിങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നത് തന്റെ വചനത്തെ കാത്ത്, അതിനനുസരിച്ച് പ്രവർത്തിക്കുന്ന മനസ്സും ശരീരവുമാണ്. ഒരുപക്ഷേ, 2018 ലും പ്രതീക്ഷിക്കാത്ത വിപത്തുകളും, കഷ്ടങ്ങളും നഷ്ടങ്ങളും മറ്റ് എന്തൊക്കത്തന്നെ ഉണ്ടെങ്കിലും നിങ്ങൾ ഭയപ്പെടേണ്ട! എസ്രായോടു കൂടെ ഇരുന്ന് വഴി നടത്തിയ ദൈവം 2018 ലും നിങ്ങളോടപ്പമുണ്ട്. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് ഇന്നലെയും ഇന്നും എന്നും അനന്യൻ തന്നെ. 2018 ൽ മാത്രല്ല കർത്താവ് ഈ ഭൂമിയിൽ നൽകിയിരിക്കുന്ന എല്ലാ നാളും കർത്താവിന്റെ കരം നമ്മെ നടത്തും. കർത്താവിന്റെ കരം എങ്ങനെയുള്ളതാണ്? അത് ആശ്ലേഷിക്കുന്ന, നയിക്കുന്ന, നല്കുന്ന, ശിക്ഷിക്കുന്ന, തിരുത്തുന്ന, ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്ന കരമാണ്. തിരുവെഴുത്തുകളിൽ നിന്ന് കർത്താവിന്റെ കരങ്ങളുടെ മഹത്വം നമുക്കു ഓടിച്ച് നോക്കാം; ധ്യാനിക്കാം. ഇനി വരുന്ന താളുകളിലൂടെ നിങ്ങളുടെ കണ്ണും മനസ്സും സാവധാനത്തിൽ സഞ്ചരിക്കട്ടെ. ചില സ്ഥലങ്ങളിൽ പരിശുദ്ധാത്മാവ് നിങ്ങളെ നിർത്തും. അവിടെ നില്ക്കുക; ചിന്തിക്കുക.

കണ്ണുകൾ ഈറനണിയട്ടെ, ഹൃദയം സന്തോഷത്താൽ, വിശ്വാസത്താൽ നിറയട്ടെ. ഭാഗ്യകരവും പ്രത്യാശ നിർഭരവുമായ 2018 നിങ്ങളുടെതാണ്! ദൈവകരം നിങ്ങളോട്!!

## (1) വിടുതലിന്റെ കരം (കൈ)

പുറപ്പാട് 3:20 – “അതുകൊണ്ട്, ഞാൻ **എന്റെ കൈ** നീട്ടി മിസ്രയീമിന്റെ നടുവിൽ ചെയ്‌വാനിരിക്കുന്ന അത്ഭുതങ്ങളെക്കൊണ്ടൊക്കെയും അതിനെ ദണ്ഡിപ്പിക്കും; അതിന്റെ ശേഷം അവൻ നിങ്ങളെ വിടുവിക്കും.

പുറപ്പാട് 7:5 – “അങ്ങനെ ഞാൻ **എന്റെ കൈ** മിസ്രയീമിന്മേൽ നീട്ടി, യിസ്രായേൽ മക്കളെ അവരുടെ ഇടയിൽ നിന്നും പുറപ്പെടുവിക്കുമ്പോൾ ഞാൻ യഹോവ എന്നു മിസ്രയീമ്യർ അറിയും.

നീണ്ട നാളുകളായുള്ള യിസ്രായേൽ ജനതയുടെ മുറവിളിയും നിലവിളിയും ദൈവം കേട്ടു. അവരെ അടിമനുകത്തിൽ നിന്നും വിടുവിക്കാൻ തീരുമാനിച്ചു.

ഫറവോൻ രാജാവ് മോശെയുടെ വാക്കുകൾ കേട്ട് യിസ്രായേൽ ജനത്തെ വിട്ടയച്ചിരുന്നെങ്കിൽ ദേശം കഷ്ടപ്പെടുകയില്ലായിരുന്നു. ദൈവത്തിന്റെ വാക്കുകൾ കേട്ട് അനുസരിക്കുന്നതിനു പകരം എതിർക്കുകയാണ് ഫറവോൻ ചെയ്തത്. ദൈവവാക്കുകളോടുള്ള അനുസരണക്കേടും കോപവുമാണ് ഹൃദയകാഠിന്യത്തിലൂടെ വെളിപ്പെട്ടത്.

സങ്കീ 136:17–22 മരുഭൂമിയിൽ കൂടി യിസ്രായേൽ ജനത്തെ 40 വർഷം അത്ഭുതകരമായി നടത്തിയതും അവർക്കെതിരായി വന്ന ശത്രുരാജാക്കന്മാരെ സംഹരിച്ചതും ദൈവത്തിന്റെ ദയയുടെ പ്രതീകങ്ങളാണ്. സ്വർഗ്ഗീയ കനാനിൽ എത്തുന്നതിന് മുമ്പായി ദൈവമക്കൾക്കെല്ലാം മരുഭൂമിയിലെ കഷ്ടത നിറഞ്ഞ ജീവിതത്തിന്റെ അനുഭവം ഉണ്ടാകും എന്നതിന് സംശയമില്ല.

യിസ്രായേൽ ജനത്തിന്റെ വീണ്ടെടുപ്പ്, ക്രിസ്തുമൂലമുള്ള വീണ്ടെടുപ്പിന്റെ നിഴലാണ്. എല്ലാ കാലത്തുമുള്ള ദൈവജനത്തിന് പ്രിയങ്കരമാണ്. ഉയർന്നവൻ താണവരെ ഓർക്കുക എന്നത് മനുഷ്യസഹജമല്ല. എന്നാൽ കർത്താവ് ചെയ്തതും പഠിപ്പിച്ചതും അതല്ല, മരിക്കുവാൻ തുടങ്ങുന്ന കള്ളന്റെ പ്രാർത്ഥന കേട്ട യേശു അതിനെ ഓർത്തു, ആദരിച്ചു.

**യിസ്രായേലിന്റെ 18 പാപങ്ങൾ :** മത്സരമുള്ളവർ, ആകാത്ത വഴിയിൽ നടക്കുന്നു, സ്വന്തവിചാരങ്ങൾ അനുസരിക്കുന്നു, ദൈവത്തിന്റെ മുഖത്തു നോക്കി അവനെ കോപിപ്പിക്കുവാൻ ഇടയാക്കുന്നു, തോട്ടങ്ങളിൽ ബലി കഴിക്കുന്നു, ഇഷ്ടികമേൽ ധൂപം കാണിക്കുന്നു, കല്ലറകളിൽ കുത്തിയിരിക്കുന്നു, ഗുഹകളിൽ രാപാർക്കുന്നു, പന്നിയിറച്ചി തിന്നുന്നു, പാത്രങ്ങളിൽ അറപ്പായ ചാറ് നിറക്കുന്നു, സ്വന്തം വിശുദ്ധിയെക്കുറിച്ച് വമ്പ് പറയുന്നു, കുന്നുകളിന്മേൽ ദൈവത്തെ ദുഷിക്കുന്നു, യഹോവയെ ഉപേക്ഷിക്കുന്നു, ദൈവത്തിന്റെ വിശുദ്ധപർവ്വതത്തെ മറക്കുന്നു, വിഗ്രഹങ്ങൾക്കു മേശ ഒരുക്കുന്നു, അവയ്ക്കു പാനീയയാഗം അർപ്പിക്കുന്നു, ദൈവദൃഷ്ടിയിൽ അനിഷ്ടമായി പ്രവർത്തിക്കൽ, ദൈവത്തിന് പ്രസാദമുള്ളത് തെരഞ്ഞെടുത്തില്ല.

ഈ പുതുവത്സരത്തിൽ ദൈവം നമ്മോട് ആവശ്യപ്പെടുന്നത് ദൈവവചനത്തോടുള്ള അനുസരണം മാത്രം. "ഇതാ, അനുസരിക്കുന്നത് യാഗത്തെക്കാളും, ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്" എന്നതാണ് ദൈവവാക്ക്!! കല്പന!! നിങ്ങൾ ദൈവവചനം അനുശാസിക്കുന്നതെന്തും ചെയ്യാൻ തീരുമാനിച്ചാൽ "വിടുതലിന്റെ കൈ" നിങ്ങളോടൊപ്പമുണ്ടാവും. നിങ്ങളുടെ കുടുംബവും പരിസരവും നിങ്ങളിലൂടെ അനുഗ്രഹിക്കപ്പെടും!

## (2) ബലമുള്ള കൈ

പുറപ്പാട് 13:9 – "യഹോവയുടെ ന്യായപ്രമാണം നിന്റെ വായിൽ ഉണ്ടായിരിക്കേണ്ടതിന് ഇതു നിനക്കു നിന്റെ കയ്യിന്മേൽ അടയാളമായും നിന്റെ കണ്ണുകളുടെ നടുവിൽ ജ്ഞാപകലക്ഷ്യമായും ഇരിക്കണം. **ബലമുള്ള കൈകൊണ്ടല്ലോ** യഹോവ നിന്നെ മിസ്രയീമിൽ നിന്നു പുറപ്പെടുവിച്ചത്."

സർവ്വകൃപാലുമായ ദൈവം 'വീരനാം ദൈവം' കൂടെയാണ്. അവിടുത്തെ ശക്തി, ബലം എന്നിവ നമ്മുടെ ചിന്തകൾക്കപ്പുറമാണ്. അവിടുത്തേക്ക് അസാധ്യമായത് ഒന്നുമില്ല! പക്ഷേ എപ്പോഴാണ്, എവിടെയാണ് തന്റെ ബലം വെളിപ്പെടുത്തുന്നത്?

ഒരു വചനം കൂടെ നോക്കുക: "യഹോവയുടെ കണ്ണ് തങ്കൽ (തന്റെ വചനത്തിൽ) ഏകാഗ്രചിത്തന്മാരിയിരിക്കുന്നവർക്കുവേണ്ടി തന്നെത്താൻ **ബലവാനെന്ന്** കാണിക്കേണ്ടതിന് ഭൂമിയിൽ എല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നു (2 ദിന 16:9).

ദൈവത്തിന്റെ ന്യായപ്രമാണം, അവിടുത്തെ വചനം നമ്മുടെ ഹൃദയത്തിൽ സ്ഥിരമായിരിക്കുമ്പോഴാണ് ദൈവം തന്റെ ബലം പുറത്തെടുക്കുന്നത്, പ്രകടിപ്പിക്കുന്നത്. നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ ഭുജം, ബലം, പ്രവൃത്തി എന്നിവ വെളിപ്പെടണമോ? ഇന്നു തന്നെ ദൈവവചനത്തിൽ ആനന്ദിക്കുക, രാപ്പകൽ അത് ധ്യാനിക്കുക, മറ്റു ദുരുപദേശങ്ങൾ തേടാതിരിക്കുക, ദുർമ്മാർഗ്ഗങ്ങൾ അനുകരിക്കാതെ വിട്ടൊഴിയുക, ദൈവനിന്ദകരുടെ സ്ഥലം വേണ്ട!

ഈ 2018 "ദൈവവചനസംവത്സരമാകട്ടെ"!! "ദൈവബലത്തിന്റെ" നാളുകളാകട്ടെ!!"

## (3) ആത്മാവിനെ നല്കുന്ന കൈ

"സംഖ്യാ 11:23 – യഹോവ മോശയോട് : **യഹോവയുടെ കൈ** കുറുതായിപ്പോയോ? എന്റെ വചനം നിവൃത്തിയാകുമോ ഇല്ലയോ എന്നു നീ ഇപ്പോൾ കാണും എന്നു കല്പിച്ചു."

ജനം നിരന്തരമായി ആവശ്യപ്പെടുകയും, പിടിവാശിയും പിറുപിറുപ്പ് കാണിക്കുകയും ചെയ്തത് – ഇറച്ചിക്കു വേണ്ടിയാണ്. യിസ്രായേൽ ജനത്തെ ദൈവം വിളിച്ചിതും വേർതിരിച്ചതും ലോകം മുഴുവനുമുള്ള ജനങ്ങൾക്കു പൗരോഹിത്യ ശുശ്രൂഷ ചെയ്യേണ്ടതിനാണ് (പുറ 19:6). പക്ഷേ, തങ്ങളുടെ വിളിയെ മറന്നു. മറ്റ് ജനതകളെപ്പോലെ "എന്തു തിന്നും എന്തു കുടിക്കും" എന്ന ചിന്തയിൽ അമർന്നു.

കരുണാമയനായ കർത്താവ് അവരുടെ ആവശ്യങ്ങളുടെ മുൻഗണനാ പട്ടിക തിരുത്താൻ ആവശ്യപ്പെടുകയാണ്. ഇവിടെ 'കാട' ചോദിച്ചപ്പോൾ ആദ്യം 'കാട' രൂപത്തിലുള്ള ആത്മാവും പിന്നെ 'കാട' യും നല്കുന്നു. ആദ്യം 'ആത്മാവ്' പിന്നെ ജഡം. ആദ്യം 'ആത്മീയവിചാരം പിന്നെ 'അന്ന വിചാരം.' ഇതാണ് ദൈവവ്യവസ്ഥ. ഈ പ്രവൃത്തിയിലൂടെ യിസ്രായേൽ ജനം ഉത്തേജിതരായി.

ഇന്നും ദൈവം തന്റെ മക്കളെ ഏവരെയും ഈ തേജസ്സുള്ള ശുശ്രൂഷ ചെയ്യുവാൻ വിളിച്ചിരിക്കുന്നു. അങ്ങനെ "വിളിച്ച് (വിളികേട്ട്) വേർതിരിക്കപ്പെട്ടവരുടെ കൂട്ടമാണ് സഭ." കർത്താവിന്റെ അന്ത്യവാക്കുകൾ ശ്രദ്ധിക്കുക: "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും (അപ്പോ.പ്രവൃ 1:8)." അതേ, നമ്മുടെ ദൗത്യം "സാക്ഷികളാകുക" എന്നതാണ്. ജീവിതംകൊണ്ടും വാക്കുകൾ കൊണ്ടും സാക്ഷികളാകൽ. ആർക്ക് സാക്ഷികളാകണം? കർത്താവിന് സാക്ഷികളാകണം.

ലോകത്തിന് കർത്താവിനെ അറിയില്ല. കർത്താവിനെ ലോകം തെറ്റിദ്ധരിച്ചിരിക്കുന്നു, മറന്നിരിക്കുന്നു; മറിച്ച് പിടിച്ചിരിക്കുന്നു. **"ഈ ലോകത്തിന്റെ ദൈവം"** (പിശാച്) ജനങ്ങളെ അന്ധകാരത്തിലിട്ട് പൂട്ടിയിരിക്കുകയാണ്. ലോകത്തിന്റെ വെളിച്ചമായ, അതേ സാക്ഷാൽ വെളിച്ചമായ ക്രിസ്തുവിനെ കാണിച്ച് കൊടുക്കുക, മനസ്സിലാക്കിക്കൊടുക്കുക എന്ന ദൗത്യമാണ്, വിളിയാണ് നമ്മുടെ ഒരോരുത്തരുടേതും.

"നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജനതയും, രാജകീയ പുരോഹിതവർഗ്ഗവും, വിശുദ്ധവംശവും, സ്വന്തജനവും ആകുന്നു" (1 പത്രൊസ് 2:9).

ഇത്ര ശ്രേഷ്ഠമായ വിളി മനസ്സിലാക്കി നിങ്ങളായിരിക്കുന്ന സ്ഥാനത്ത് കർത്താവിന്റെ സാക്ഷികളാകും എന്ന തീരുമാനിച്ചാൽ – നന്മയും കരുണയും നിങ്ങൾക്കു ആവശ്യമുള്ളതൊക്കെ – നിങ്ങളെ പിൻതുടരും. ഈ 2018 "ക്രിസ്തുസാക്ഷികളാകുന്ന 2018" ആയിത്തീരട്ടെ എന്ന് ആശംസിക്കുന്നു.

## (4) വിരോധമായിരിക്കുന്ന കൈ

"ആവ 2:15 – അവർ മുടിഞ്ഞുതീരുംവരെ **യഹോവയുടെ കൈ** അവരെ പാളയത്തിൽ നിന്നു നശിപ്പിക്കാൻ തക്കവണ്ണം അവർക്കു വിരോധമായിരുന്നു."

യഹോവയായ ദൈവം തന്റെ നീട്ടിയ ഭുജംകൊണ്ടും, യിസ്രായേൽ ജനത്തെ വീണ്ടെടുത്ത് വഴി നടത്തി. പക്ഷേ, യിസ്രായേൽ ജനത്തിന് ഏറെ ഇഷ്ടം യഹോവയോടല്ല, മറിച്ച് അവൻ 40 സംവത്സരം വണങ്ങി വന്ന വിഗ്രഹങ്ങളോടും ദേവന്മാരോടുമായിരുന്നു. ദൈവത്തിന്റെ വചനവും അരുളപ്പാടുകളും കേൾക്കാതവണ്ണം യിസ്രായേൽ ജനം അത്രയ്ക്കു മന്ദന്മാരും, കുരുടന്മാരായും, ചെകിടരുമായിരുന്നു. ഇതിനാൽ അവിശ്വാസവും അതിന്റെ ഫലമായി പിറുപിറുപ്പുകളും അവരുടെ കൂടെപിറപ്പുകളായി മാറി. ദൈവത്തോട് മത്സരിച്ചു, അനുസരണക്കേട് കാണിച്ചു. ഈ സന്ദർഭത്തിലാണ് യഹോവ മേലുദ്ധരിച്ച വചനം പ്രസ്താവിക്കുന്നത്.

ഇന്നും ദൈവത്തിന്റെ ജനമായ വീണ്ടും ജനിച്ച ഓരോരുത്തരും ദൈവത്തോട് ചേർന്ന് നടക്കുന്നതിനു പകരം മത്സരിക്കുകയാണ്, തങ്ങളുടെ വഴികളിൽ നടക്കുകയാണ്. കഴിഞ്ഞ 2017–ൽ നിങ്ങളുടെ ചിന്തകളും പ്രവർത്തനങ്ങളും എങ്ങനെയായിരുന്നു? എത്രത്തോളം അടുപ്പം ദൈവത്തോട് ദൈവവചനത്തോട് ഉണ്ടായിരുന്നു? അകലം വിട്ട് കർത്താവിനെ പിൻചെല്ലുകയായിരുന്നോ? അങ്ങനെയെങ്കിൽ കർത്താവിന്റെ കരം നിങ്ങൾക്കു വിരോധമായിരിക്കും. ദൈവം തന്നെ നിങ്ങൾക്കു പ്രതികൂലം എങ്കിൽ അനുകൂലം ആര്? ആരെക്കൊണ്ട് നിങ്ങളെ സഹായിക്കാൻ, വിടുവിക്കാൻ കഴിയും? ഈ പുതുവത്സരം അനുസരണത്തിന്റെ വർഷമാകട്ടെ! നിങ്ങളുടെ വഴികളെ നിങ്ങൾ ചിന്തിക്കുക! എവിടെയെങ്കിലും തെറ്റുപറ്റിയിട്ടുണ്ടോ? വഴിമാറി യാത്ര ചെയ്തിട്ടുണ്ടോ? എന്ന് പരിശോധിക്കുക. ഇത്തരുണത്തിൽ നക്ഷത്രം കണ്ട് യാത്ര ചെയ്ത ശാസ്ത്രിമാരെക്കുറിച്ച് ചിന്തിക്കുന്നത് നന്നായിരിക്കും!

യെരുശലേമിന് കിഴക്കു ദിക്കിലെ ശാസ്ത്രിമാർ വാനിൽ ഒരത്ഭുത നക്ഷത്രം കണ്ടു. അതിന്റെ പ്രത്യേകതകൾ വച്ച് ഒരത്ഭുത ശിശുവിന്റെ ജനനനക്ഷത്രമെന്ന് അവർ മനസ്സിലാക്കി. “ആധിപത്യം തോളിൽ ഇരിക്കുന്ന, അത്ഭുതമന്ത്രിയായ, വീരനാം ദൈവമായ, നിത്യപിതാവായ, സമാധാനപ്രഭുവായ” ഒരു ശിശു. ആ നക്ഷത്രം അവർക്ക് വഴികാട്ടി. ആയിരക്കണക്കിന് മൈലുകൾ തെറ്റൊന്നും കൂടാതെ അവർ യാത്ര ചെയ്തു. പക്ഷേ അടുത്തെത്തിയപ്പോൾ അവർക്ക് അടി തെറ്റി; വഴി തെറ്റി. നക്ഷത്രത്തിന്റെ ഗമനം ശരിക്ക് ഗണിക്കാതെ, നിന്ദ്യനും നീചനും മഹാക്രൂരനുമായ ഹേരോദാ രാജാവിന്റെ അരമനയിലെത്തി.

ഫലമോ, നമുക്കേവർക്കും അറിയാം – ആയിരക്കണക്കിന് ആൺ ശിശുക്കൾ കൊല്ലപ്പെട്ടു. നാം നമ്മുടെ കർത്താവിനെ ശരിക്ക് അനുഗമിച്ചില്ലെങ്കിൽ, അവിടുത്തെ വചനം അനുസരിച്ചില്ലെങ്കിൽ ഫലം ഭയാനകമായിരിക്കും! നമുക്കു ചുറ്റുമുള്ള ആയിരക്കണക്കിന് ആളുകൾ ദിശതെറ്റി സഞ്ചരിക്കും. അനുഗ്രഹങ്ങൾ നഷ്ടപ്പെട്ടും, ആത്മീയ അന്ധകാരത്തിലായി അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും പിടിയിലാകും. ഭൂമിയിലെ ജീവിതം ക്ലേശപൂർണ്ണമാകും. ഒടുവിൽ നിത്യത – നിത്യനാശത്തിലും! ഓ എത്ര ഭയാനകം. നമ്മുടെ സഹജീവികൾക്ക് ഇങ്ങനെയൊരു ഗതി വരാൻ നാം കാരണമാകാമോ? പാടില്ല. ഇന്നു തന്നെ നിങ്ങൾ ദൈവവചനത്തിലേക്കു തിരിയുക. സത്യസുവിശേഷവും, പഥ്യോപദേശവും നിങ്ങളുടെ ജീവിതചര്യയാവട്ടെ, ലക്ഷ്യമാകട്ടെ!

കഴിഞ്ഞ 2017–ൽ കർത്താവിനെ കൂടാതെ എന്തൊക്കെ തീരുമാനങ്ങൾ എടുത്തു? എവിയെടൊക്കെ വഴിമാറിപ്പോയി? വാശിപിടിച്ച് തിരികെ ലഭിക്കാത്ത എത്ര മണിക്കൂറുകൾ? ദിവസങ്ങൾ? ആഴ്ചകൾ ? മാസങ്ങൾ നഷ്ടമായി? നമുക്കു ചുറ്റുമുള്ള ഭൂരിപക്ഷം പേർ ചെയ്യുന്നതുപോലെയല്ല, മതവിശ്വാസികൾ ചെയ്യുന്നതുപോലെ അല്ല, ശാസ്ത്രിമാർ പ്രവൃത്തിച്ചതുപോലെ

യല്ല തിരുവചനം അനുശാസിക്കുന്ന, നിങ്ങളോടാവശ്യപ്പെടുന്ന കാര്യങ്ങൾ അങ്ങനെ തന്നെ ചെയ്യാം. അല്ലെങ്കിലോ നിങ്ങളുടെ ചുറ്റുമുള്ള അനേകംപേരുടെ രക്തത്തിന്റെ കണക്കു നിങ്ങളോട് ദൈവം ആവശ്യപ്പെടും! ദൈവകരം നിങ്ങൾക്കു വിരോധമായിട്ടല്ല അനുകൂലമായിരിക്കട്ടെ! 2018–ലെ ജീവിതം സന്തോഷവും സമാധാനവും ഉള്ളതാകാൻ ദൈവവചനം അനുസരിക്കുന്ന വർഷമാകാൻ ആശംസിക്കുന്നു.

## (5) ഉള്ളങ്കൈ

ആവ 33:3 – അതേ, അവൻ ജനത്തെ സ്നേഹിക്കുന്നു; അവന്റെ സകലവിശുദ്ധന്മാരും **തൃക്കയ്യിൽ ഇരിക്കുന്നു.** അവൻ തൃക്കാല്ക്കൽ ഇരുന്നു; അവൻ തിരുവചനങ്ങൾ പ്രാപിച്ചു."

"യോഹ 10:27–29 എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു; ഞാൻ അവയെ അറികയും അവ എന്നെ അനുഗമിക്കുകയും ചെയ്യുന്നു. അവ ഒരുനാളും നശിച്ചുപോകയില്ല; ആരും അവയെ **എന്റെ കയ്യിൽ നിന്നു പിടിച്ചുപറിക്കയും ഇല്ല**. അവയെ തന്നിരിക്കുന്ന എന്റെ പിതാവ് എല്ലാവരിലും വലിയവൻ; **പിതാവിന്റെ കയ്യിൽ നിന്നു പിടിച്ചു പറിപ്പാൻ ആർക്കും കഴികയില്ല."**

നിങ്ങളുടെ ജീവൻ ഉരുവായ നാൾ മുതൽ ലോകസ്ഥാപനത്തിനു മുമ്പെ, നിങ്ങൾ ദൈവകരങ്ങളിലാണ്. ഈ വലിയ സത്യം നമ്മിൽ പലർക്കും അറിയില്ല എന്നതാണ് സത്യം. അതുകൊണ്ടാണ് നാം പരിഭ്രമിക്കുന്നത്, ഭയചകിതരാകുന്നത്.

ഈ പുതുവത്സരത്തിൽ നമ്മുടെ കർത്താവ് പറയുന്നു നിങ്ങൾ എന്റെ ഉള്ളങ്കൈയ്യിലാണെന്ന്. അതിന് കാരണമെന്ത്?

ക്രിസ്തുവിലൂടെ ദൈവത്തിന്റെ അടുക്കൽ വരുന്നവരെ രക്ഷിക്കുവാനും സൂക്ഷിക്കുവാനുമുള്ള ദൈവത്തിന്റെ ശക്തി രക്ഷയുടെ ഭദ്രതയ്ക്ക് അടിസ്ഥാനമാണ്. "അവയെ തന്നിരിക്കുന്ന എന്റെ പിതാവ് എല്ലാവരിലും വലിയവൻ; പിതാവിന്റെ കയ്യിൽ നിന്നു പിടിച്ചുപറിപ്പാൻ ആർക്കും കഴികയില്ല" (യോഹ 10:29). ദൈവം സൂക്ഷിക്കുവാൻ ശക്തനാണ്. ദൈവത്തിന് സൂക്ഷിക്കുവാൻ കഴിവില്ലാതിരിക്കണമെങ്കിൽ ദൈവത്തെക്കാൾ ശക്തനായ ഒരുവൻ ഉണ്ടായിരിക്കണം. അവനുമാത്രമേ ദൈവത്തിന്റെ കരത്തിൽ നിന്നും വിശ്വാസിയെ പിടിച്ചുപറിക്കാനാവൂ. എന്നാൽ ദൈവം സർവ്വാധികാരിയും സർവ്വശക്തനുമാണ്. "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു; അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്നു ഉറച്ചുമിരിക്കുന്നു." (2 തിമൊ 1:12), മാത്രവുമല്ല നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികയ്ക്കും എന്ന് അപ്പൊസ്തലന് ഉറപ്പുണ്ട്; ഫിലി 1:4. ഒരു വിശ്വാസി ദൈവശക്തിയിൽ കാക്കപ്പെടുകയാണ്. 1 പത്രൊ 1:4, റോമ 16:25, യൂദാ 24. വിശ്വാസിക്ക് ദൈവം അനുകൂലമാണ്. തന്മൂലം അവനെതിരായിരിക്കുവാൻ ഒരു ശക്തിക്കും സാദ്ധ്യമല്ല. "ഇതു സംബന്ധിച്ചു നാം എന്തു പറയേണ്ടു? ദൈവം നമുക്കു അനുകൂലം എങ്കിൽ നമുക്കു പ്രതികൂലം ആർ? സ്വന്തപുത്രനെ ആദരിക്കാതെ നമുക്കു എല്ലാവർക്കുംവേണ്ടി ഏല്പിച്ചുതന്നവൻ അവനോടു കൂടെ സകലവും നമുക്കു നല്കാതിരിക്കുമോ? ദൈവം തിരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതികരിക്കുന്നവൻ ദൈവം. ശിക്ഷ വിധിക്കുന്നവൻ ആര്? ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ടു ഉയർത്തെഴുന്നേറ്റവൻ തന്നേ; അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു. റോമ 8:31–34.

അവിടുത്തെ വചനം നിങ്ങളുടെ ഉള്ളിൽ ഇരിക്കുമെങ്കിൽ നിങ്ങൾ ദൈവത്തിന്റെ ഉള്ള ങ്കൈയിലായിരിക്കും. വചനം ഉള്ളിലാകാൻ വചനധ്യാനത്തിന്റെ വർഷമാകട്ടെ ഈ പുതുവർഷം!

## (6) ജ്ഞാപകം നല്കിയ കൈ

യോശുവ 4:19–24 **ഒന്നാം മാസം പത്താം തിയതി** ജനം യോർദ്ദാനിൽ നിന്നു കയറി യെരീഹോവിന്റെ കിഴക്കെ അതിരിലുള്ള ഗില്ഗാലിൽ പാളയം ഇറങ്ങി. യോർദ്ദാനിൽ നിന്ന് എടുത്ത പന്ത്രണ്ടു കല്ല് യോശുവ ഗില്ഗാലിൽ നാട്ടി, യിസ്രായേൽമക്കളോടു പറഞ്ഞത് എന്തെന്നാൽ: ഈ കല്ല് എന്ത് എന്നു വരുങ്കാലത്തു നിങ്ങളുടെ മക്കൾ പിതാക്കന്മാരോടു ചോദിച്ചാൽ: യിസ്രായേൽ ഉണങ്ങിയ നിലത്തുകൂടി ഈ യോർദ്ദാനിക്കരെ കടന്നു എന്നു നിങ്ങളുടെ മക്കളോടു പറയണം. ഭൂമിയിലെ സകല ജാതികളും യഹോവയുടെ കൈ ശക്തിയുള്ളതെന്ന് അറിഞ്ഞു നിങ്ങളുടെ ദൈവമായ യഹോവയെ എന്നേക്കും ഭയപ്പെടേണ്ടതിന് ഞങ്ങൾ ഇക്കരെ കടപ്പാൻ തക്കവണ്ണം നിങ്ങളുടെ ദൈവമായ യഹോവ ഞങ്ങളുടെ മുമ്പിൽ ചെങ്കടൽ വറ്റിച്ചു കളഞ്ഞതുപോലെ നിങ്ങൾ ഇക്കരെ കടപ്പാൻ തക്കവണ്ണം നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളുടെ മുമ്പിൽ എല്ലാ തടസ്സങ്ങളെല്ലാം മാറ്റിക്കളയും."

പുതുവത്സരത്തിന്റെ ആദ്യമാസത്തിൽ ജനം ഇതാ ഗില്ഗാലിൽ എത്തിയിരിക്കുന്നു. ഗില്ഗാൽ കനാൻ യാത്രയുമായി ഏറെ ബന്ധമുള്ള സ്ഥലമാണ്. നമ്മുടെ സിയോൻ യാത്രയിലും ഗില്ഗാൽ പല പ്രാധാന്യങ്ങളെ വിളിച്ചു പറയുന്നു. തിരുവെഴുത്തുകളിൽ നിന്ന് ഗില്ഗാലിന്റെ 12 പ്രാധാന്യങ്ങളെ കാണാം അവ :

***ഗില്ഗാലിന്റെ പ്രാധാന്യം :*** (1) യിസ്രായേൽ ജനം യോർദ്ദാൻ നദി കടന്നതിന്റെ സ്മരണയ്ക്കായി സ്ഥാപിച്ച ഓർമ്മസ്തംഭങ്ങൾ ഉള്ള സ്ഥലം പുറ 4:20.

(2) കനാൻനാട്ടിൽ പ്രവേശിച്ച യിസ്രായേൽ ജനം ആദ്യമായി പാളയമടിച്ച സ്ഥലം (പുറ 4:19).

(3) മരുഭൂമി യാത്രയ്ക്കിടയിൽ ജനിച്ച യിസ്രായേൽ മക്കളെ പരിച്ഛേദന ചെയ്ത സ്ഥലം (പുറ 5:2–9).

(4) കനാനിൽവച്ച് ആദ്യമായി പെസഹ ആചരിച്ച സ്ഥലം (പുറ 5:10).

(5) മന്ന നിന്നുപോയ സ്ഥലം (പുറ 5:12).

(6) സൈന്യാധിപന്മാരുടെ കാലത്ത് വിഗ്രഹാരാധന നടന്ന സ്ഥലം (ന്യായാ 5:13–15).

(7) ന്യായാധിപന്മാരുടെ കാലത്ത് വിഗ്രഹാരാധന നടന്ന സ്ഥലം (ന്യായാ 3:19).

(8) ശമുവേൽ ന്യായപാലനം നടത്തിവന്ന ഒരു സ്ഥലം 1 ശമു 7:16.

(9) ശൗൽ രാജാവായി അഭിഷേകം ചെയ്യപ്പെട്ട സ്ഥലം (1 ശമു 11:15).

(10) ആഭ്യന്തര യുദ്ധത്തിനുശേഷം ദാവീദിനെ വീണ്ടും രാജാവായി അംഗീകരിച്ച സ്ഥലം (2 ശമു 19:15).

(11) ഏലിയാവ് സ്വർഗ്ഗത്തിലേക്ക് എടുത്തുകൊള്ളപ്പെടുന്നതിനുമുമ്പ് താമസിച്ചിരുന്ന സ്ഥലം (2 രാജാ 2:1).

(12) പായസക്കലത്തിലെ വിഷം എലീശാ നിർവീര്യമാക്കിയ സ്ഥലം (2 രാജാ 4:38–41).

പുതിയനിയമത്തിലും ദൈവം നമുക്കു നല്ലൊരു ജ്ഞാപകം നല്കിയിരിക്കുന്നു.

എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ (ലൂക്കൊ 22:19) എന്ന കർത്താവിന്റെ കല്പനയുടെ അടിസ്ഥാനത്തിൽ ആരംഭം മുതൽ ഇന്നുവരെയും സഭ അഭംങ്കുരം തുടർന്നു വരുന്ന അനുഷ്ഠാനമാണ് കർത്താവിന്റെ അത്താഴം. ക്രിസ്തീയ ആരാധനയിലെ ഏറ്റവും പ്രധാനമായ അംശം ഇതത്രേ. തന്റെ പരസ്യശുശ്രൂഷയിൽ ഏറ്റവുമധികം തന്നോടൊപ്പം സഹകരിച്ചിരുന്ന ശിഷ്യന്മാരുടെ മദ്ധ്യത്തിലാണ് യേശുക്രിസ്തു ഈ അനുഷ്ഠാനം ഏർപ്പെടുത്തിയത്.

**പേരുകൾ :** ഇതു പല പേരുകളിൽ അറിയപ്പെടുന്നു.

(1) കർത്താവിന്റെ അത്താഴം (1 കൊരി 11:20),

(2) അപ്പംനുറുക്കൽ (അപ്പൊ 2: 24–46),

(3) കൂട്ടായ്മ (1 കൊരി 10:16–14).

(4) കർത്താവിന്റെ മേശ (1 കൊരി 10:21),

ആദിമസഭയിൽ അപ്പംനുറുക്കൽ എന്ന പേരിലാണ് കർത്തൃമേശ അറിയപ്പെട്ടിരുന്നത്: (അപ്പൊ 2:42). പാനപാത്രത്തെയും അപ്പത്തെയും ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ എന്ന് പൗലൊസപ്പൊസ്തലൻ പ്രസ്താവിക്കുന്നതിൽ നിന്നാണ് കൂട്ടായമ എന്ന് പേർ ലഭിച്ചത്. (1 കൊരി 10:16). രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കർത്താവിന്റെ അത്താഴം യൂക്കാറിസ്റ്റ് (സ്തോത്രാർപ്പണം) എന്ന പേരിലറിയപ്പെട്ടു. അപ്പവും പാനപാത്രവും അനുഭവിക്കുന്നതിനുമുമ്പ് സ്തോത്രം ചെയ്യുന്നതിൽ നിന്നുമാണ് ഈ പേർ വന്നത്. ഈ ശുശ്രൂഷ കർത്താവ് ഏർപ്പെടുത്തിയെന്നും ആത്മീയാർത്ഥത്തിൽ കർത്താവൊരുക്കുന്ന മേശയിൽ നാം പങ്കാളികളാകുന്നുവെന്നും ഉള്ള ധ്വനിയാണ് 'കർത്തൃമേശയ്ക്കും' 'കർത്താവിന്റെ അത്താഴ' ത്തിനും ഉള്ളത്. സുറിയാനി സഭകൾ കുർബാന എന്ന പേരാണ് നല്കിയിട്ടുള്ളത്. വഴിപാട് എന്നർത്ഥമുള്ള കൊർബ്ബാൻ എന്ന അരാമ്യപദത്തിൽ നിന്നാണ് 'കുർബ്ബാന' യുടെ ഉല്പത്തി. റോമൻ കത്തോലിക്കാസഭ ഇതിനെ 'മാസ്സ്' എന്നു വിളിക്കുന്നു. പിരിച്ചുവിടുക എന്നർത്ഥമുള്ള 'മിത്തറെ' എന്ന ലത്തീൻധാതുവിൽ നിന്നാണ് മാസ്സ് എന്ന പദത്തിന്റെ ഉത്ഭവം.

**കർത്തൃമേശയുടെ സ്ഥാപനം :** കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ കർത്താവു തന്നെ സ്ഥാപിച്ചതാണ് കർത്തൃമേശ. (1 കൊരി 11:23). ആ രാത്രിയിലായിരുന്നു പെസഹ അവസാനമായി ആചരിച്ചതും കർത്താവിന്റെ അത്താഴം ആരംഭിച്ചതും. പെസഹ പിന്നിലോട്ട് പുറ:12 ലെ രാത്രിയെയും മുന്നിലോട്ട് ക്രിസ്തുവിന്റെ ക്രൂശിനെയും ചൂണ്ടിക്കാണിക്കുന്നു. "നമ്മുടെ പെസഹക്കുഞ്ഞാടു് അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തു തന്നെ." (1 കൊരി 5:7). തന്മൂലം ക്രിസ്തുവിന്റെ ക്രൂശീകരണത്തിനുശേഷം പെസഹാചരണത്തിന്റെ ആവശ്യമില്ല. കർത്താവിന്റെ അത്താഴം പിന്നിലോട്ട് ക്രൂശിനെയും മുന്നിലോട്ട് ക്രിസ്തുവിന്റെ പുനരാഗമനത്തെയും ദർശിക്കുന്നു. കർത്താവിന്റെ അത്താഴം ഏർപ്പെടുത്തിയതിനെക്കുറിച്ചുള്ള ചരിത്രവിവരണം സമവീക്ഷണസുവിശേഷങ്ങളിലും കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിലുമുണ്ട്. (മത്തായി 26:26–29, മർക്കൊ 11:22–25, ലൂക്കൊ 26:19–20). 'ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കയും നിങ്ങൾക്ക് ഏല്പിക്കുകയും ചെയ്തത് എന്തെന്നാൽ: കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലിനുറുക്കി: ഇതു നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നേ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു; ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു; ഇതു

കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായി ചെയ്വിൻ എന്നുപറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു" (1 കൊരി 11:23-26). എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ എന്ന നിർദ്ദേശം ലൂക്കൊസും, പൗലൊസും (രണ്ടുപ്രാവശ്യം) രേഖപ്പെടുത്തുന്നു. ക്രിസ്തുവിന്റെ ദൃശ്യസാന്നിദ്ധ്യം ഇല്ലാതിരിക്കുന്നകാലം മുഴുവൻ തന്റെ ജനം പുതിയ ഉടമ്പടിയുടെ യാഗത്തെ ചൂണ്ടിക്കാണിക്കുന്ന കർത്തൃമേശയിലൂടെ തന്നെ ഓർക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു.

കർത്താവിന്റെ നിർദ്ദേശമനുസരിച്ച് കർത്തൃമേശയുടെ ആചരണത്തിലൂടെ സഭ ക്രിസ്തുവിനെ ഓർമ്മിച്ചുവരികയാണ്. പെന്തക്കൊസ്തിനുശേഷം ഉടൻതന്നെ സഭ അപ്പം നുറുക്കാനും കൂട്ടായ്മ ആചരിക്കുവാനും തുടങ്ങി: (അപ്പൊ 2:42-46). ഒരു നിശ്ചിതദിവസമാണ് കർത്താവിന്റെ അത്താഴം അനുഷ്ഠിച്ചുവന്നത്. 'ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടി വന്നപ്പോൾ' (അപ്പൊ 20:7).

**കർത്തൃമേശയുടെ അർത്ഥം :** "ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കയും നിങ്ങൾക്ക് ഏല്പിക്കയും ചെയ്തതു എന്തെന്നാൽ: കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി; ഇതു നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം; **എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ** എന്നു പറഞ്ഞു. അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു; ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയ നിയമം ആകുന്നു; ഇതു കുടിക്കുമ്പൊഴൊക്കെയും **എന്റെ ഓർമ്മയ്ക്കായി ചെയ്വിൻ** എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം **അവന്റെ മരണത്തെ പ്രസ്താവിക്കുന്നു**:" (1 കൊരി 11:23-26).

**കർത്താവിന്റെ അത്താഴം കർത്താവിന്റെ സ്മാരകമാണ് :** എന്റെ ഓർമ്മയ്ക്കായി ചെയ്വിൻ (1 കൊരി 11:14) എന്നാണ് ക്രിസ്തു കല്പിച്ചത്. ഇത് ക്രിസ്തുവിന്റെ വെറും മരണത്തെയല്ല ഓർമ്മിപ്പിക്കുന്നത്. പ്രസ്തുത, ജീവിക്കുന്ന ക്രിസ്തുവിനെയാണ്. ക്രിസ്തുവിന്റെ പുനരുത്ഥാനദിവസമാണ് അതനുഷ്ഠിക്കുന്നത്. എന്നും ജീവിക്കുന്നവനും (യോഹ 14:19) സ്വന്തജനത്തോടുകൂടെ എന്നും ഉള്ളവനും (മത്തായി 28:20) ആയ ക്രിസ്തുവിനെയാണ് നാം ഓർമ്മിക്കുന്നത്.

**പുതിയനിയമത്തിന്റെ അടയാളമാണ് :** പുതിയനിയമത്തിന്റെ അടയാളമാണ് പാനപാത്രം. പുതിയനിയമത്തിന്റെ അടയാളമായി ക്രിസ്തു ചൊരിഞ്ഞ രക്തത്തെ കാണിക്കുകയാണ് പാനപാത്രം. "ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയനിയമം ആകുന്നു" (ലൂക്കൊ 22:20). പുതിയനിയമം വിശ്വാസിക്ക് പാപക്ഷമ നല്കുന്നു: (എബ്രാ 10:16-18). ഇത് മോശീയനിയമത്തെക്കാൾ വിശേഷമേറിയതും കൃപ നിറഞ്ഞതുമായ നിയമമാണ്. (2 കൊരി 3:6-18, എബ്രാ 7:22, 12:24).

**ക്രിസ്തുവിന്റെ മരണത്തെ പ്രസ്താവിക്കുന്നു:** അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പൊഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു (1 കൊരി 11:26) എന്നു പൗലൊസ് എഴുതുന്നു. ക്രിസ്തുവിനെ ഓർക്കുവാനായി വിശ്വാസികൾ കൂടിവരുമ്പോഴൊക്കെയും ക്രിസ്തുവിന്റെ മരണത്തെ ലോകത്തിന്റെ

മുമ്പിൽ പ്രസ്താവിക്കുകയാണ്. ക്രിസ്തുവിന്റെ ശരീരത്തെയും രക്തത്തെയും ഓർമ്മിപ്പിക്കുന്ന അപ്പവും വീഞ്ഞും യാഗത്തെ ചൂണ്ടിക്കാണിക്കുന്നു. പ്രാചീന എബ്രായയാഗവ്യവസ്ഥയനുസരിച്ച് യാഗമൃഗത്തിന്റെ രണ്ടംഗങ്ങളായ ഉടലും രക്തവും കൊല്ലുന്ന സമയത്ത് വേർതിരിക്കപ്പെടുന്നു. "പാപപരിഹാരത്തിനായി രക്തം വിശുദ്ധമന്ദിരത്തിലേയ്ക്ക് കൊണ്ടുപോകുന്നു. മൃഗങ്ങളുടെ ഉടൽ പാളയത്തിനു പുറത്തുവച്ചു ചുട്ടുകളയുന്നു." (എബ്രാ 13:11). ക്രിസ്തുവിന്റെ മരണം പുതിയ ഉടമ്പടിക്കടിസ്ഥാനമായ യാഗമാണ്. (മർക്കൊസ് 14:24).

**ക്രിസ്തുവിനോടുള്ള കൂട്ടായ്മയാണ് :** അന്ത്യഅത്താഴം പങ്കിട്ടനുഭവിക്കുന്നതിനു ശിഷ്യന്മാരെ ക്ഷണിച്ച ക്രിസ്തു ഓരോ കൂട്ടായ്മയിലെയും അദൃശ്യനായ ആതിഥേയനാണ്. വീണ്ടെടുക്കപ്പെട്ടവർ ക്രിസ്തുവിനു ചുറ്റും കൂട്ടായ്മയ്ക്കായി കൂടിവരുന്നു. സഭ കർത്താവിന്റെ മേശയ്ക്കു ചുറ്റും കൂടുകയും (1 കൊരി 10:21) കർത്താവിന്റെ അത്താഴം (1 കൊരി 10:20) കഴിക്കുകയും ചെയ്യുന്നു. ഈ അത്താഴം നാം അനുഭവിക്കുമ്പോൾ നാം ക്രിസ്തുവിലും ക്രിസ്തു നമ്മിലും വസിക്കുന്ന അനുഭവം സജീവവും ചൈതന്യപൂർണ്ണവും ആയിത്തീരുന്നു. ക്രിസ്തുതന്നെ ഇത് വ്യക്തമാക്കിയിട്ടുണ്ട്. (യോഹ 6:53–58).

**അന്യോന്യമുള്ള കൂട്ടായ്മയാണ് :** ക്രിസ്തുവിന്റെ ഏകശരീരത്തിലെ പങ്കാളിത്തം കർത്താവിന്റെ അത്താഴത്തിൽ പങ്കെടുക്കുന്ന എല്ലാവരും അനുഭവിക്കുന്നു. ക്രിസ്തുവിനോടുള്ള കൂട്ടായ്മ മറ്റുവിശ്വാസികളോടുള്ള കൂട്ടായ്മയെ വ്യഞ്ജിപ്പിക്കുന്നു. "അപ്പം ഒന്ന് ആകകൊണ്ട് പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ആ ഒരേ അപ്പത്തിൽ അംശികൾ ആകുന്നുവല്ലോ" (1 കൊരി 10:17). സാമൂഹികവും സാമ്പത്തികവും ആയ എല്ലാ വിവേചനങ്ങളും മറന്ന് സഹവിശ്വാസികൾ ക്രിസ്തുവിൽ തുല്യപങ്കാളികളായി സ്വീകരിക്കപ്പെട്ടില്ലെങ്കിൽ കർത്താവിനോടുള്ള കൂട്ടായ്മയുടെ യഥാർത്ഥമായ അനുഭവം ഉണ്ടാകുകയേ ഇല്ല. അന്യോന്യമുള്ള കൂട്ടായ്മയ്ക്ക് ആദിമസഭ വലിയ വില കല്പിച്ചിരുന്നു. സിദാഖിയിൽ ഇതിനെക്കുറിച്ചുള്ള വ്യക്തമായ നിർദ്ദേശമുണ്ട്. "സഹോദരനുമായി എന്തെങ്കിലും ശണ്ഠയുള്ള ഒരുവൻ അവനുമായി നിരന്നശേഷം മാത്രമല്ലാതെ പങ്കെടുക്കുവാൻ വരാതിരിക്കട്ടെ." യേശുക്രിസ്തുവിന്റെ ഉപദേശം തന്നെയാണ് ഈ നിർദ്ദേശത്തിനു പിന്നിൽ. (മത്തായി 5:23–24). കർത്തൃമേശയോടടുത്തുവരുമ്പോൾ അതിൽ യെഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല. ആണും പെണ്ണും എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ (ഗലാ 3:28) എന്ന പൗലൊസിന്റെ വാക്കുകൾ ഓർത്തിരിക്കേണ്ടതാണ്.

**ഇത് ക്രിസ്തുവിന്റെ പുനരാഗമനത്തിന്റെ പ്രവചനമാണ് :** ക്രിസ്തു വരുവോളം ആചരിക്കേണ്ട ഒന്നാണ് കർത്താവിന്റെ അത്താഴം. (1 കൊരി 11:26). ക്രിസ്തുവിന്റെ മരണത്തെ പിന്നിലോട്ടു നോക്കുന്നതോടൊപ്പം സ്വന്തജനത്തിനു വേണ്ടി ക്രിസ്തു മടങ്ങിവരുന്നതിനെയും കർത്തൃമേശ പ്രഖ്യാപിക്കുന്നു.

**കർത്തൃമേശയിലെ പങ്കാളികൾ :** കർത്താവിന്റെ അത്താഴത്തിൽ പങ്കെടുക്കേണ്ടത് ആരാണെന്ന വ്യക്തമായ സൂചന തിരുവെഴുത്തുകളിലുണ്ട്. ആദിമസഭയുടെ ചരിത്രം പരിശോധിച്ചാൽ കർത്താവിന്റെ അത്താഴത്തിൽ പങ്കെടുത്തവർ സ്നാനം ഏറ്റവരായിരുന്നു എന്നു കാണാം. ഇത്

കർത്താവിന്റെ മേശയാണ്; അല്ലാതെ സഭയുടെ മേശയല്ല. കർത്താവിന്റെ മേശയിങ്കലേക്കു വരുമ്പോൾ **തന്നെത്താൻ ശോധന ചെയ്യുവാനാണ്** വിശ്വാസികളോട് ദൈവാത്മാവ് ആവശ്യപ്പെടുന്നത്. (1 കൊരി 11:28). സഭയോടു വിശ്വാസികളെ ശോധന ചെയ്‌വാൻ ആവശ്യപ്പെടുന്നില്ലെന്നും ഓർക്കേണ്ടതാണ്.

വിശ്വാസികളാണ് പങ്കാളികൾ. വീണ്ടും ജനനം പ്രാപിച്ചവരും, ക്രിസ്തുവിനെ അനുസരിച്ചു ജീവിക്കുന്നവരുമാണ് കർത്താവിന്റെ അത്താഴത്തിൽ പങ്കെടുക്കേണ്ടത്. ഈ അനുഷ്ഠാനം കർത്താവ് ഏല്പിച്ചത് ശിഷ്യന്മാരെയാണ്. (മത്താ 26:27). ക്രിസ്തുവിന്റെ ശരീരമായ സഭയിലെ വിശ്വാസികൾക്കു മാത്രമേ, തന്മൂലം കർത്തൃമേശയിൽ പങ്കെടുക്കുവാൻ പാടുള്ളൂ. ദൈവവചനം സന്തോഷത്തോടെ കൈക്കൊണ്ടവരാണ് കർത്താവിന്റെ അത്താഴത്തിൽ പങ്കെടുത്തത്. (അപ്പൊ 2:41–42). കർത്താവിന്റെ ശരീരത്തോടും രക്തത്തോടും ഉള്ള കൂട്ടായ്മയാകയാൽ ക്രിസ്തുവിനോടും, ക്രിസ്തുവിന്റെ രക്ഷയോടും ബന്ധമുള്ളവർക്കു മാത്രമാണ് കർത്താവിന്റെ മേശ ഒരുക്കിയിരിക്കുന്നു എന്നത് വ്യക്തമാണ്.

**സ്വയംശോധന ചെയ്യുന്ന വിശ്വാസികൾ :** കർത്തൃമേശയിൽ പങ്കെടുക്കുന്നവർ വിശ്വാസികളായിരുന്നവർ മാത്രം പോരാ, അവർ തന്നെത്താൻ ശോധന ചെയ്യുകയും വേണം. ക്രിസ്തുവിനോടും, സഹവിശ്വാസികളോടും യോഗ്യമായ രീതിയിൽ ബന്ധം പുലർത്തുന്നവരായിരിക്കണം അവർ. അയോഗ്യമായി പങ്കെടുക്കന്നവർ ദൈവികശിക്ഷയ്ക്കും, രോഗത്തിനും, ശാരീരിക മരണത്തിനും വിധേയരാവും. (1 കൊരി 11:30). യോഗ്യമായി പങ്കെടുക്കുക എന്നത് അനുതപിക്കുന്ന പാപിയെ ഒഴിവാക്കുന്നില്ല. പൂർണ്ണത പ്രാപിച്ച വിശ്വാസികൾക്കേ പങ്കെടുക്കാവൂ എന്നുവരികിൽ ആർക്കും കർത്താവിന്റെ മേശയ്ക്കരികിൽ വരാൻ കഴികയില്ല. എന്നാൽ ദൈവത്തെയും സഹവിശ്വാസികളെയും സ്നേഹിക്കുന്നവർ തന്റെ ബലഹീനതയും പാപവും ദൈവത്തോടേറ്റു പറയുകയും സഹോദരനോടു നിരക്കുകയും ചെയ്യുകയും കർത്തൃമേശയിൽ പങ്കാളികളാകുകയും ചെയ്യും. പാപത്തിൽ വീഴുന്നവരെയും (1 കൊരി 5:11–13, 2 തെസ്സ 3:6, 11–15), ദുരുപദേശം പഠിപ്പിക്കുന്നവരെയും (തീത്തൊ 3:10, 2 യോഹ 10) **സഭയിൽ ഭിന്നിപ്പുണ്ടാക്കുന്നവരെയും** (തീത്തൊ 3:10) മാറ്റിനിറുത്തുവാൻ കല്പനയുണ്ട്.

**കൂടിവന്ന വിശ്വാസികൾ:** കർത്താവിന്റെ അത്താഴം ക്രിസ്തുവിന്റെ ശരീരത്തിൽ വിശ്വാസികളുടെ കൂട്ടായ്മയെ കുറിക്കുന്നു. അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ എന്ന് അപ്പോ 20:7–ൽ കാണാം. 1 കൊരി കർത്തൃമേശയെക്കുറിച്ചുള്ള ഉപദേശം നല്കുന്നത് സഭയ്ക്കാണ്. സഭ ആരാധനയ്ക്കു കൂടിവന്നപ്പോൾ മാത്രമേ ഈ അത്താഴം അനുഷ്ഠിച്ചിരുന്നുള്ളൂ. രണ്ടോ മൂന്നോ വിശ്വാസികൾ കൂടിവരുമ്പോഴും കർത്തൃമേശ ആചരിക്കാവുന്നതേയുള്ളൂ. അവരുടെ മദ്ധ്യേയും ക്രിസ്തുവിന്റെ സാന്നിദ്ധ്യം വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കയാണ്.

**ഈ പുതുവർഷവും കർത്താവിന്റെ വരവ് വരെയുള്ള നാളുകളും** കർത്തൃമേശയുടെ വർഷമാകട്ടെ. കർത്താവിനെ സത്യത്തിലും ആത്മാവിലും ആരാധിക്കാൻ അപ്പൊസ്തലിക മാതൃകയിൽ കർത്തൃമേശയിലൂടെ ആരാധിക്കാൻ തീരുമാനിക്കുക. അങ്ങനെ **ഈ വർഷം മുഴുവനും** നിങ്ങളുടെ തലമുറകളും കർത്താവിന്റെ നല്ല **ജ്ഞാപകം ഓർക്കുന്നവരും** വഹിക്കുന്നവരുമാകട്ടെ!

**ഐക്യത നല്കുന്ന കൈ**

(2 ദിന 30:8–15) "ആകയാൽ, നിങ്ങളുടെ പിതാക്കന്മാരെപ്പോലെ നിങ്ങൾ ദുശ്ശാഠ്യം.....യഹോവയുടെ ആലയത്തിൽ ഹോമയാഗങ്ങളെ കൊണ്ടുവന്നു."

ഇന്നു കാണുന്ന ധാർമിക മൂല്യച്യുതിയിൽ മേപതു കൊള്ളുന്ന ധാരാളം പേർ ഉണ്ട്. ആത്മീയ, മത, രാഷ്ട്രീയ, സാമൂഹ്യ മണ്ഡലങ്ങളിലെ ധാർമ്മികത്തകർച്ചയിൽ ഹൃദയത്തിൽ വേദനയുള്ളവരുടെ എണ്ണവും കൂടുതലാണ്. ഈ സ്ഥിതി മാറാൻ എന്തുചെയ്യണമെന്ന് അനേകർ ആലോചിച്ചുകൊണ്ടിരിക്കുന്നു. യെഹസ്കിയാവ് രാജാവിന്റെ കാലത്ത് വചനം ശ്രദ്ധിക്കുവാനും, ചിന്തിക്കുവാനും ആഹ്വാനം ചെയ്തു. അത് യിസ്രായേലിന്റെ എല്ലായിടവും പ്രസിദ്ധമാക്കി. അനേകർ പരിഹസിച്ചു. മറ്റു ചിലർ തങ്ങളെത്തന്നെ ദൈവസന്നിധിയിൽ താഴ്ത്തി. തങ്ങളെത്തന്നെ താഴ്ത്തിയവരിൽ ശുദ്ധീകരണത്തിന്റെയും ഐക്യതയുടെയും ആത്മാവിനെ ദൈവം അയച്ചു. ദൈവാത്മാവിനാൽ നിറയപ്പെട്ടവർ പെസഹാ ആചരിച്ച് കർത്താവിനെ ആരാധിച്ചു.

ഇവിടെ – ഒരാഹ്വാനം
ഒരു തിരിച്ചുവരവ്
ഒരു ഐക്യത
ഒരു ശുദ്ധീകരണം
പിന്നെ ഉണർവ്വ് (പൂർവ്വീകരണം) എന്നീ ഘട്ടങ്ങളെ കാണാം.

ഇന്നും ദൈവവചനം കേട്ട്, ശ്രദ്ധിച്ച്, ചിന്തിച്ച് അതിനനുസരിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചാൽ ദൈവം ഐക്യതയുടെയും ശുദ്ധീകരണത്തിന്റെയും ആത്മാവിനെ അയക്കും. അവിടെ പൂർവ്വീകരണത്തിന് തുടക്കമാവുന്നു.

നിങ്ങളിൽ, നിങ്ങളുടെ ഭവനത്തിൽ, നിങ്ങളുടെ ഇടവകയിൽ/സഭയിൽ ഒരു മാറ്റം വേണം എന്ന് ആഗ്രഹിക്കുന്നുണ്ടോ? വരൂ വചനത്തിന്റെ വിശാലമായ മേച്ചിൽപ്പുറത്തേക്ക്! **ഈ പുതുവർഷം വചനം ശ്രവിക്കുന്ന നന്മയുടെ വർഷമാകട്ടെ!!**

**നന്മ നല്കുന്ന കൈ**

"ഇയ്യോബ് 2:9–10, 10:8–12 അവന്റെ ഭാര്യ അവനോട്...........ഇതിൽ ഒന്നിലും ഇയ്യോബ് അധരങ്ങളാൽ പാപം ചെയ്തില്ല."

"നിന്റെ കൈ എന്നെ ഉരുവാക്കി........നിന്റെ കടാക്ഷം എന്റെ ശ്വാസത്തെ പരിപാലിക്കുന്നു."

**നമ്മുടെ ജീവതത്തിൽ ദൈവം അനുവദിക്കുന്നതെന്തും** കഷ്ടത, സങ്കടം (ബുദ്ധിമുട്ട്), ഉപദ്രവം (പീഢനം), പട്ടിണി (ക്ഷാമം), നഗ്നത, ആപത്ത് (വിപത്ത്), വാൾ മരണം തുടങ്ങി എന്തും നന്മയ്ക്കായി ഭവിക്കുന്നതാണ്. ഇവ നമ്മംടെ ജീവിതത്തിന്റെ പടിവാതില്ക്കൽ എത്തുമ്പോൾ ജീവിതമാകെ കലങ്ങിമറിയും. ഈ വക കഷ്ടങ്ങൾ എന്തിന് വന്നു എന്നുപോലും മനസ്സിലാകില്ല. പക്ഷേ, നമ്മെ സ്നേഹിച്ച് നമുക്കുവേണ്ടി ജീവനെത്തന്ന്, ഇന്നും ജീവിക്കുന്ന, വേഗം വന്ന് നമ്മെ ചേർക്കാനിരിക്കുന്ന കർത്താവിനാൽ എല്ലാം നന്മയ്ക്കായി പരിണമിക്കുന്നു; ജയം പ്രാപിക്കുന്നു. ഈ അറിവിന് കാരണം ദൈവത്തെക്കുറിച്ചുള്ള ജ്ഞാനമാണ്. ഇന്നത്തെ വേദപുസ്തക പരിഭാഷകളും, വ്യാഖ്യാനഗ്രന്ഥങ്ങളും, ദൈവദാസന്മാരും, ആനുകാലികങ്ങളും, മാധ്യമ ഇടപെ

ടലുകളും ഒന്നും ഇല്ലാതിരുന്ന – ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പ് ഇയ്യോബിന് ഈ ജ്ഞാനം എവിടെ നിന്ന് ലഭിച്ചു? ഇയ്യോബ് ദൈവത്തെക്കുറിച്ച് എന്തൊക്കെ മനസ്സിലാക്കിവിരുന്നു? അത് ചിന്തിക്കുന്നതും, ധ്യാനിക്കുന്നതും ഈ പുതുവർഷത്തിൽ ഏറെ പ്രചോദനമാകും.

**ദൈവത്തെക്കുറിച്ച് ഇയ്യോബ് :**

അവൻ സർവ്വശക്തൻ, ജ്ഞാനി, അപരിമേയൻ, അദൃശ്യൻ, പരമോന്നത ഭരണാധികാരി, സകലത്തിന്റെയും സ്രഷ്ടാവ്, നിർമ്മലനും പരിശുദ്ധനും, നിത്യൻ, ആത്മരൂപി, കൃപയുള്ളവൻ, കരുണാമയൻ, പ്രാർത്ഥന കേട്ട് ഉത്തരമരുളുന്നവൻ, ജീവനും മരണവും നൽകുന്നവൻ, തന്റെ ഹിതം മനുഷ്യനെ വെളിപ്പാടറിയിക്കുന്നവൻ, മനുഷ്യരുടെയും ദൂതന്മാരുടെയും ആരാധന സ്വീകരിക്കുന്നവൻ, മനുഷ്യരെ പരിപാലിക്കുന്നവൻ, സകലരെയും ന്യായം വിധിക്കുന്നവൻ, സകലത്തിന്റെമേലും പരമാധികാരമുള്ളവൻ, വീണ്ടെടുക്കുന്നവൻ, ഒരു വ്യക്തി, അനേകം വ്യക്തിപരമായ പ്രവൃത്തി ചെയ്യുന്നവൻ, മനുഷ്യർക്കു ഉപദേശവും വചനങ്ങളും നല്കുന്നവൻ, തന്റെ ജനം പരീക്ഷിക്കപ്പെടുന്നതിന് അനുവദിക്കുന്നവൻ, സ്വർഗ്ഗത്തിൽ വസിക്കുന്നവൻ, മനുഷ്യരെ ശാസിക്കുന്നവൻ, തന്റെ ആത്മാവിനാൽ സൃഷ്ടിക്കുന്നവൻ, മനുഷ്യരോടു ദീർഘക്ഷമ കാണിക്കുന്നവൻ, വ്യർത്ഥമായുള്ളത് കേൾക്കാത്തവൻ, സൃഷ്ടികളെ നിയന്ത്രിക്കുന്നവൻ, ഭൂമിയെ സൃഷ്ടിക്കുന്നതിനു മുമ്പ് സർവ്വം സൃഷ്ടിച്ചവൻ, മനുഷ്യർക്കു വിവേകം നൽകുന്നവൻ, മനുഷ്യനേക്കാൾ വലിയവൻ, മനുഷ്യനു അവന്റെ പ്രവൃത്തിക്കു പകരം ചെയ്യുന്നവൻ, സകല മനുഷ്യരുടെയും വഴിയും നടപ്പും കാണുന്നവൻ.

ഇയ്യോബ് മനസ്സിലാക്കിയ, അനുഭവിച്ച അതേ ദൈവം നമ്മുടെയും ദൈവമാണ്. ഈ ദൈവം ഈ വർഷവും വരുന്ന വർഷങ്ങളിലും നമ്മെ നടത്തട്ടെ!

**താങ്ങുന്ന കൈ**

“സങ്കീ 18:32–50 എന്നെ ശക്തികൊണ്ട് അര മുറുക്കുകയും എന്റെ വഴി കുറച്ചു....ദാവീദിന്നും അവന്റെ സന്തതിക്കും എന്നേക്കും തന്നേ...”

“ഒരു മനുഷ്യന്റെ വഴിയിൽ....കൈപിടിച്ച് താങ്ങുന്നു”

ദാവീദിന്റെ ജീവിതം കഷ്ടങ്ങളുടെയും അലച്ചിലിന്റെയും ജീവിതമായിരുന്നു. വേട്ടയാടപ്പെട്ട മൃഗംപോലെയായിരുന്നു ദാവീദ്. പക്ഷേ അതിന്റെ മധ്യത്തിലും ദൈവത്തിന്റെ കൃപയും കരുതലും അനുഭവിച്ചറിയുവാൻ കഴിഞ്ഞിരുന്നു. ദാവീദ് അനുഭവിച്ച അനുഗ്രഹങ്ങൾ ചുവടെ ചേർക്കുന്നു. ഈ അനുഗ്രഹങ്ങളുടെ ധ്യാനം കഷ്ടതകൾ നിറഞ്ഞ നിങ്ങളുടെ ജീവിതത്തിലും ദൈവ അനുഗ്രഹങ്ങളെ തിരിച്ചറിയാനാകും. ഈ പുതുവർഷത്തിലും നന്ദിയോടെ പ്രവേശിക്കാം. ഓരോ നാളും നന്ദിയുള്ളവരായിരിക്കാം.

**ദാവീദ് അനുഭവിച്ച അനുഗ്രങ്ങൾ :** എന്നെ ശക്തികൊണ്ട് അര മുറുക്കുന്നു, എന്റെ വഴി കുറവു തീർക്കുന്നു, അതുകൊണ്ട് എന്റെ ശത്രുക്കളെ തോല്പ്പിക്കുകയോ, ആവശ്യമെങ്കിൽ രക്ഷപ്പെടുവാൻ സഹായിക്കുന്നു, എന്നെ ഗിരികളിൽ നിൽക്കുമാറാക്കുന്നു, എന്നെ യുദ്ധം അഭ്യസിപ്പിക്കുന്നു, എനിക്കു രക്ഷ നൽകുന്നു, എന്നെ താങ്ങുന്നു, എന്നെ വലിയവനാക്കുന്നു, എന്റെ കാലടികൾക്ക് ഇടം നൽകുന്നു, എന്റെ ശത്രുക്കളെ പിൻതുടർന്നു തോല്പിക്കുമാറാക്കുന്നു, അവരെ പിടിക്കുവാൻ എന്നെ സഹായിക്കുന്നു, അവരെ കീഴടക്കുവാൻ എന്നെ സഹായിക്കുന്നു, എന്നെ

യുദ്ധത്തിനായി ശക്തീകരിക്കുന്നു, എതിർത്തവരെ കീഴടക്കുവാൻ എന്നെ സഹായിക്കുന്നു, എന്റെ ശത്രുക്കളെ നിസ്സഹായരാക്കി, എന്റെ ശത്രുക്കളുടെ നിലവിളി കേൾക്കാതെ, അവരെ പൂർണ്ണമായും തകർത്തുകളയുവാൻ എന്നെ സഹായിക്കുന്നു, എന്റെ ജനത്തിന്നിടയിലുള്ള ശത്രുക്കളിൽ നിന്ന് എന്നെ രക്ഷിച്ചു, എന്നെ ജാതികളെ ഭരിക്കുമാറാക്കുന്നു, അന്യർക്കുമേൽ എനിക്ക് അധികാരം തരുന്നു, എന്നെ അവരുടെ യജമാനനാകുവാൻ ശക്തിപ്പെടുത്തുന്നു, സൈന്യങ്ങൾ ഇല്ലാതാകുവാൻ ഇടയാക്കുന്നു, എനിക്കുവേണ്ടി പ്രതികാരം നിവർത്തിക്കുന്നു, എന്റെ ശത്രുക്കളെയെല്ലാം എനിക്കു കീഴാക്കുന്നു, എന്റെ ശത്രുക്കളിൽ നിന്ന് എന്നെ വിടുവിക്കുന്നു, എന്നെ എതിർക്കുന്നവർക്കു മീതെ എന്നെ ഉയർത്തുന്നു, സാഹസക്കാരന്റെ കൈയിൽ നിന്ന് എന്നെ വിടുവിക്കുന്നു, എനിക്കു വലിയ വിടുതൽ അരുളുന്നു, എന്നോടു ദയ കാണിക്കുന്നു.

ഈ അനുഗ്രഹങ്ങൾ ചൊരിയുന്ന ദൈവത്തെ നിങ്ങൾ മറ്റുള്ളവരോട് പറയുമോ? കഷ്ടതയേറിയ അനുഭവങ്ങളിലൂടെ പോകുമ്പോൾ ദാവീദിനോടൊപ്പം പറയാം: "യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവിടുത്തേക്ക്..............നാമം വിളിച്ചപേക്ഷിക്കും." (സങ്കീ 116:12,13).

സങ്കീ 37:16–34ൽ ദുഷ്ടന്മാരും നീതിമാന്മാരും താരതമ്യം ചെയ്യപ്പെടുന്നു. നീതിമാനുള്ള അല്പം ആഹാരം ദുഷ്ടനുള്ള സമൃദ്ധിയേക്കാൾ അഭികാമ്യം. ആഹാബിന്റെ കൊട്ടാരത്തിലെ മൃഷ്ടാന്നഭോജനത്തേക്കാൾ സാരെഫാത്തിലെ വിധവയുടെ കലത്തിലെ ഒരുപിടി മാവ് കൂടുതൽ ആസ്വാദ്യകരവും ദീർഘകാലം പ്രയോജനപ്രദവുമാണ്. 21–ൽ പണമിടപാടുകളിൽ വായ്പ വാങ്ങിയാൽ തിരിച്ചു കൊടുക്കുന്ന സ്വഭാവം ദുഷ്ടന്മാർക്കില്ല. നീതിമാന്റെ ദാനം അവന്റെ ദ്രവ്യാഗ്രഹമില്ലായ്മയെ കാണിക്കുന്നു. പണമിടപാടുകളിൽ നീതിമാൻ വിശ്വസ്തത പാലിക്കുന്നു.

നീതിമാന്റെ ജീവിതത്തിൽ പരിശോധനകൾ പ്രതീക്ഷിക്കാം. പക്ഷെ, തകർന്നു പോകാതെ പരിപാലിക്കാൻ സ്വർഗ്ഗീയമായ കരങ്ങൾ ഉണ്ട് എന്ന് 24–ാം വാക്യത്തിൽ പറയുന്നു.

വാർദ്ധക്യത്തിലെത്തിയ ദാവീദിന്റെ ഒരു നിരീക്ഷണത്തിന് വാക്യം 25. നീതിമാന്റെ മക്കൾ ആഹാരം യാചിക്കേണ്ടി വരികയില്ല. സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന ദൈവമക്കൾ താല്ക്കാലികമായ സഹായത്തിന്നായി കഴിവുള്ളവരെ ആശ്രയിക്കാറില്ല. എന്നല്ല, പ്രത്യുത, അവർ മറ്റുള്ളവരെ പോലെ ഭിക്ഷാടനത്തിനു പോകേണ്ടിവരികയില്ല എന്നാണ്.

ഏറ്റവും നല്ല വസ്തു – ദൈവത്തിന്റെ ന്യായപ്രമാണം, ഏറ്റവും നല്ല സ്ഥാനം – ഹൃദയം, ഏറ്റവും നല്ല ഫലം – വഴുതിപ്പോകാത്ത കാലുകൾ. നല്ല നിലത്ത് വീണ വിത്ത് (ദൈവവചനം) നൂറുമേനി ഫലം പുറപ്പെടുവിക്കും (മത്തായി 13:8,23).

**<u>രണ്ടു നിലയിലുള്ള പ്രബോധനം:</u>** യഹോവയ്ക്കായി കാത്തിരിക്കുക, അവന്റെ വഴി പ്രമാണിച്ച് നടക്ക. കാത്തിരുന്ന് പ്രവർത്തിക്കുക, കൃപ പ്രാപിച്ച് അത് പ്രയോജനപ്പെടുത്തുക.

**<u>രണ്ടു നിലയിലുള്ള വാഗ്ദത്തം:</u>** ഭൂമിയെ അവകാശമാക്കുവാൻ ഉയർത്തപ്പെടും. ദുഷ്ടന്മാർ ഛേദിക്കപ്പെടുന്നത് കാണും. ഒരു ദാസനെ പോലെ അനുസരണത്തിൽ, ഒരു അവകാശിയെ പോലെ പ്രത്യാശയിൽ, ഒരു വിശ്വാസിയെ പോലെ പ്രതീക്ഷയിൽ – ദൈവത്തെ കാത്തിരിക്ക.

നാം 'മനസ്സാ വാചാ കർമ്മണാ' ചെയ്യുന്ന എല്ലാ കാര്യങ്ങളും ദൈവം മനസ്സിലാക്കുന്നു. അത് അവന്റെ സർവ്വജ്ഞാനവും കൊണ്ടാണെന്ന് ഈ വേദഭാഗം വ്യക്തമാക്കുന്നു. "സകലവും അവന്റെ കണ്ണിന് നഗ്നവും മലർന്നതുമായി കിടക്കുന്നു" എന്ന് എബ്രാ 4:13–ൽ പറയുന്നത് ഈ

ബന്ധത്തിൽ ചിന്തനീയമാണ്. നമ്മുടെ മനസ്സിന്റെ ഉള്ളിൽ സൂക്ഷിച്ചുവയ്ക്കുന്ന രഹസ്യങ്ങൾ പോലും ദൈവം അറിയുന്നു എന്ന് പറയുമ്പോൾ ദൈവത്തിന്റെ സർവ്വജ്ഞാനത്തിനു മുമ്പിൽ നമ്മുടെ ലഘുവായ ജ്ഞാനം എത്ര പരിമിതമാണ്! അഞ്ചാം വാക്യത്തിൽ “നീ മുമ്പും പിമ്പും എന്നെ അടച്ചു” എന്നു പറയുന്നതിന്റെ സാരം, ദൈവം അവന്റെ ഭൂതകാലവും ഭാവികാലവും അറിയുന്നു എന്നാണ്. ദൈവിക ജ്ഞാനത്തിന്റെ രഹസ്യം മനസ്സിലാക്കുവാൻ ദാവീദിനെന്നയല്ല, ലോകത്തിലെ ഒരു ജ്ഞാനിക്കും സാദ്ധ്യമല്ല എന്ന് ആറാം വാക്യം വ്യക്തമാക്കുന്നു.

ദൈവത്തിന്റെ സാന്നിദ്ധ്യം അഖിലാണ്ഡത്തിൽ എവിടെയും ഉണ്ട് എന്ന സത്യമാണ് ഈ വാക്യത്തിൽ വ്യക്തമാക്കുന്നത്. സ്വർഗ്ഗത്തിലോ ഭൂമിയിലോ പാതാളത്തിലോ ആകാശമണ്ഡല ങ്ങളിലെ ഇതരഗോളങ്ങളിലോ ദൈവിക സാന്നിദ്ധ്യമില്ലാത്ത ഒരു സ്ഥാനവുമില്ല. ഇരുട്ടും വെളി ച്ചവും മനുഷ്യന്റെ ദൃഷ്ടിയിൽ രണ്ട് അവസ്ഥകളെ കാണിക്കുന്നുവെങ്കിലും ദൈവത്തിന്റെ ദൃഷ്ടി യിൽ രണ്ടും ഒന്നുപോലെയാണ്.

## അത്ഭുതം ചെയ്യുന്ന കൈ

‘‘സങ്കീ 78:41–43, 118:15 ”

യിസ്രായേൽ ജനത്തെ വീണ്ടെടുക്കേണ്ടതിന് ഈജിപ്റ്റ് ദേശം മുഴുവൻ ബാധകളാൽ ബാധി ച്ചു. അവ: രക്തം, തവള, പേൻ, ഈച്ച, മഹാവ്യാധി, പുണ്ണ്, ആലിപ്പഴം (കന്മഴ), വെട്ടുക്കിളി, കൂരി രുട്ട്, ആദ്യജാതന്മാരുടെ സംഹാരം എന്നിവയാണ്. പക്ഷേ വിടുതൽ ലഭിച്ച് വാഗ്ദത്ത ദേശത്ത് എത്തിയപ്പോൾ ദൈവം പ്രവർത്തിച്ച അടയാളങ്ങളും അത്ഭുതങ്ങളും അവർ മറന്നു.

നമ്മുടെ ജീവിതത്തിലും എത്രയോ ദൈവപ്രവൃത്തികൾ നാം കണ്ടിരിക്കുന്നു? അനുഭവി ച്ചിരിക്കുന്നു. പക്ഷേ, അവ ഓരോന്നും ഓർക്കുന്നുണ്ടോ? ദൈവം പറയുന്നത് ശ്രദ്ധിക്കുക : “ഉപ കാരങ്ങൾ ഒന്നും മറക്കരുത്.” “ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ (കൃതജ്ഞതയോടു കൂടി/നന്ദി യോടുകൂടി) ദൈവത്തോടുകൂടെ അറിക്കയത്രേ വേണ്ടത്.”

ഈ നവവത്സരാരംഭത്തിൽ കഴിഞ്ഞ 2017–ൽ ഇന്നാൾവരെ ദൈവം ചെയ്ത നന്മകൾ ഓർക്കുമോ?

## ജയം നല്കുന്ന കൈ (സങ്കീ 98:1–9)

സങ്കീർത്തനങ്ങളിൽ “യഹോവയ്ക്കു ഒരു പുതിയ പാട്ടു പാടുവിൻ” എന്ന് ആഹ്വാനം കാണാം. “അവൻ അത്ഭുതങ്ങളെ പ്രവൃത്തിച്ചിരിക്കുന്നു” എന്നത് കുറിക്കൊള്ളേണ്ടതാണ്. ക്രിസ്തു ജനിച്ചത് അത്ഭുതകരമായിട്ടാണ്. അത്ഭുതകരമായ നിലയിൽ അവൻ ഉയിർത്തെഴുന്നേറ്റു; അത്ഭു തകരമായ നിലയിൽ അവൻ സ്വർഗ്ഗാരോഹണം ചെയ്തു. ഇനിയും അത്ഭുതകരമായ നിലയിൽ അവൻ മടങ്ങിവരും. ഈ വാക്യത്തിന്റെ രണ്ടാം ഭാഗത്തു നിന്നും ക്രിസ്തു വിജയം കൈവരിച്ചത് സ്വന്തം ശക്തിയാൽ മാത്രമാണെന്ന് വെളിപ്പെടുത്തുന്നു.

രക്ഷ ദൈവത്തിന്റെ മാത്രമാണ്. മറ്റാർക്കും അതിൽ യാതൊരു പങ്കുമില്ല. രക്ഷയുടെ മഹത്വം അത് ദൈവികമാണ്. ദൈവത്തിന്റെ രക്ഷ അവന്റെ നീതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. സർവ്വമാ നവജനതയേയും ഉദ്ദേശിച്ചാണ് ദൈവം തന്റെ രക്ഷ ഒരുക്കിയിരിക്കുന്നത്.

ഭൂമിയിലെ അചേതന വസ്തുക്കളും കൂടെ കൈകൊട്ടി ദൈവത്തെ സ്തുതിക്കുന്നതായി ആലങ്കാരികമായി ഇവിടെ വർണ്ണിക്കുന്നു. പ്രകൃതി സമ്പൂർണ്ണമായും ദൈവത്തെ സ്തുതിക്കുന്ന കാഴ്ച എത്ര മനോഹരമാണ്.

### തൃപ്തി വരുത്തുന്ന കൈ (സങ്കീ104:27,28, 145:16, സഭാ 2:24–25)

പ്രതിദിന ജീവിതത്തിന് സകല ജീവികളും ദൈവത്തെ ആശ്രയിക്കുന്നു; സൃഷ്ടിക്കപ്പെട്ട ജീവികൾക്ക് ആവശ്യമായതൊക്കെയും പ്രദാനം ചെയ്യേണ്ടതുണ്ട്. ഒരിക്കൽ സൃഷ്ടിക്കപ്പെട്ടാൽ അവയെ പരിപാലിക്കുക എന്നത് ദൈവത്തിന്റെ ചുമതലയാണ്. സ്രഷ്ടാവിന്റെ പ്രവൃത്തി നില നിർത്തൽ, കാത്തിരിപ്പ്, പ്രാർത്ഥന, ആശ്രയം, ഏറ്റുവാങ്ങൽ, ദൈവത്തിന്റെ ദാനങ്ങൾക്കു നന്ദിക രേറ്റൽ, എന്നിവ സൃഷ്ടിയുടെ കടപ്പാടാണ്. (27)"

**ദൈവം നമ്മെ എങ്ങനെ കരുതുന്നു :** രക്ഷ, പ്രതിദിനാവശ്യങ്ങൾ, നിർദ്ദേശങ്ങൾ, പ്രാർത്ഥന യുടെ മറുപടി, ധൈര്യം, സംരക്ഷണവും സഹായവും, അവകാശം, പ്രത്യാശ, ന്യായം, പുതുക്ക പ്പെട്ട ശക്തി, അനുഗ്രഹങ്ങൾ, ദൈവത്തിന്റെ രക്ഷ, പരിശുദ്ധാത്മാവിന്റെ ശക്തി.

പ്രതിദിനാവശ്യങ്ങൾക്കായി ജീവനുള്ളവ അധ്വാനിക്കുക എന്നത് ഒരു ദൈവിക നിയമമാ ണ്. മനുഷ്യനും അതിൽ നിന്ന് ഒഴിവില്ല. അന്നന്നുള്ള ആഹാരത്തിനായി അധ്വാനിക്കുക മാത്രമ ല്ല, അവൻ പ്രാർത്ഥിക്കുകയും വേണം (മത്തായി 6:11). "വേല ചെയ്വാൻ മനസ്സില്ലാത്തവൻ തിന്നു കയുമരുത്" എന്നാണ് നിയമം (2 തെസ്സ 3:10). തനിക്കുള്ളവർക്കു വേണ്ടി കരുതാത്തവൻ അവി ശ്വാസിയേക്കാൾ അധമനാണ് (1 തിമൊ 5:9). ദൈവം സകല സൃഷ്ടികൾക്കും ജീവിക്കുവാനായി എല്ലാം ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ, ജീവിതത്തെ നിലനിർത്തുവാൻ ആവശ്യമായതു സംഭരിക്കു ന്നതിൽ അവർ അലസരാകുവാൻ പാടില്ല. അങ്ങനെയല്ലെങ്കിൽ അവർക്കു ജീവിക്കുവാൻ അവ കാശമേയില്ല. തിന്നു കുടിച്ചു തന്റെ പ്രയത്നത്താൽ സുഖം അനുഭവിക്കുന്നതല്ലാതെ മനുഷ്യനെ മറ്റൊരു നന്മയുമില്ല; അതു ദൈവത്തിന്റെ കയ്യിൽ നിന്നുള്ളത് എന്നു ഞാൻ കണ്ടു. അവൻ നല്കീ ട്ടല്ലാതെ ആര് ഭക്ഷിക്കും? ആര് അനുഭവിക്കും?

ജ്ഞാനം, ഉല്ലാസങ്ങൾ, ധനം ഇവയൊക്കെ ആർജ്ജിച്ച് മുന്നോട്ടു പോകുന്ന മനുഷ്യൻ തന്റെ ജീവിതകാലത്തു തന്നേ അവയിലൊന്നും സംതൃപ്തി കണ്ടെത്താത്തവനായി എല്ലാം പൊള്ള യാണെന്ന് പ്രഖ്യാപിക്കുന്നു. എന്നാൽ പിന്നെ ചാർവ്വാകന്മാരെപ്പോലെ 'തിന്നുക, കുടിക്കുക, ആനന്ദിക്കുക, നാളെ ചാകുമല്ലോ' എന്ന് വെച്ചാലും ബുദ്ധിമാനായ മനുഷ്യന്റെ ബൗദ്ധിക ചക്ര വാളത്തിന് അതും സ്വീകാര്യമായിത്തീരുന്നില്ല. തനിക്കുശേഷം വരുന്നവൻ തന്റെ വസ്തുവക ഒക്കെ എങ്ങനെ കൈകാര്യം ചെയ്യും എന്നത് തികച്ചും അവന് അസംതൃപ്തി നൽകുന്ന യാഥാർത്ഥ്യമാകയാൽ അതും പൊള്ളയാണെന്നും പ്രഖ്യാപിക്കുന്നു. മരണാനന്തരം ജീവിതത്തെ ക്കുറിച്ചുള്ള കാഴ്ചപ്പാടില്ലാത്ത ഒരു മനുഷ്യന്റെ സ്ഥിതി എത്ര ഭീകരമാണ്.

എന്നാൽ രക്ഷിക്കപ്പെട്ട ദൈവമക്കൾക്ക് ഭാവിയെക്കുറിച്ച് പ്രത്യാശയുണ്ട്. നിങ്ങൾ പ്രത്യാ ശയുള്ളവരാണോ? പ്രത്യാശയുള്ളവരാകാൻ ഇന്നു തന്നെ യേശുവിനെ കർത്താവും രക്ഷിതാവു മായി അംഗീകരിക്കുക. **ഈപുതുവർഷം(2018)** രക്ഷയുടെ, നന്മയുടെ, ദൈവം നൽകുന്ന തൃപ്തി യുടെ വർഷമാകട്ടെ!!

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

# TELC - ANPUNATHAR CHURCH CONVENTION

## ANNA NAGAR, CHENNAI.








പ്രൊട്ടസ്റ്റന്റ് സഭകളുടെ നവീകരണത്തിന് കാരണക്കാരനായ മാർട്ടിൻ ലൂഥർ അവർകളുടെ 500–ാം ജന്മദിനാഘോഷവും, കൺവെൻഷൻ യോഗങ്ങളും ചെന്നൈ അണ്ണാനഗറിലുള്ള TELC അൻപുനാഥർ സഭാങ്കണത്തിൽ വച്ച് നടന്നു. ലൂഥറൻ സഭാവിശ്വാസികൾ മാത്രമല്ല മറ്റ് പ്രൊട്ടസ്റ്റന്റ് സഭകളിലെ ശുശ്രൂഷകരും വിശ്വാസികളും ഈ യോഗത്തിൽ സംബന്ധിച്ചത് ശ്രദ്ധേയമത്രേ.

3 ദിവസം നടന്ന ഈ യോഗങ്ങളെ ഭാഗവതർ വേദനായകം ശാസ്ത്രിയാർ അവർകൾ പ്രാർത്ഥിച്ച് തുടങ്ങിവച്ചു. അദ്ദേഹം 50 വർഷങ്ങളായി എന്റെ സുഹൃത്ത് അത്രേ. 86–ാമത്തെ വയസ്സിലും കർത്താവിനോടും ശുശ്രൂഷയോടും ആത്മാക്കളെക്കുറിച്ചുള്ള ദാഹത്തിലുമുള്ള തന്റെ മനസ്സ് എനിക്കു ഏറെ ഇഷ്ടപ്പെട്ടു. ആത്മീയ മനുഷ്യരുടെ ചിന്തയും വികാരവും ഒന്നായിരിക്കും. ഭാഗവതരുടെയും എന്റെയും ചിന്തകൾ ഒന്നാണ്. അതാണ് ദൈവാത്മാവിന്റെ പ്രവർത്തനം.

TELC സഭാശുശ്രൂഷകൻ റവ.ആൽഫ്രഡ് ചന്ദ്രശേഖർ അവർകൾ യോഗങ്ങൾ നന്നായി ക്രമീകരിച്ചിരുന്നു. പകൽ നേരത്തെ കൗൺസിലിംഗ് ശുശ്രൂഷയാൽ അനേകം പേർ അനുഗ്രഹം പ്രാപിച്ചു. കനത്ത മഴ പെയ്തിരുന്ന ആ നാളുകളിൽ യോഗങ്ങൾ തുടങ്ങുന്നതിന് മുമ്പും യോഗത്തിൽ പങ്കെടുത്തവർ തങ്ങളുടെ ഭവനങ്ങളിൽ ചെന്നു ചേരുന്നതുവരെയും മഴ പെയ്യാതിരുന്നത് ദൈവം ഇന്നും അത്ഭുതം പ്രവൃത്തിക്കുന്നതായി അനേകർ കാണാൻ ഇടയായി. ദൈവനാമം മഹത്വപ്പെടട്ടെ.

# MANAPPARAI FRIENDS PRAYER FELLOWSHIP

എല്ലാ സഭാവിഭാഗങ്ങളെയും ഏകോപിപ്പ് നടന്ന ഒരു ദിവസയോഗം തമിഴ്നാട്ടിലെ തൃശ്ശിനാപ്പള്ളി ജില്ലയിലെ മണപ്പാറ എന്ന സ്ഥലത്ത് നടന്നു. കോർഡിനേറ്റർ ബ്രദർ.എഡ്വാർഡ് നേശൻ അവർകൾ യോഗം നന്നായി ക്രമീകരിച്ചിരുന്നു. യോഗം ക്രമീകരിച്ചിരുന്ന കല്യാണമണ്ഡപം നിറഞ്ഞുകവിഞ്ഞു. ഒരു മിഷൻ മഹാസമ്മേളനം പോലെയായിരുന്നു യോഗം. മിഷണറികളായ വ്യക്തികൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. വ്യക്തികൾക്കായി, കുടുംബങ്ങൾക്കായി, സഭകൾക്കായി, മിഷനുകൾക്കായി, ശുശ്രൂഷകൾക്കായി, പ്രവർത്തനങ്ങൾക്കായി, ഭരണാധികാരികൾക്കായി, സർക്കാരുകൾക്കായി പ്രാർത്ഥനകൾ നടന്നു. യോഗാവസാനം ഞാൻ വചനസന്ദേശം നൽകി. ഈ യോഗത്തിൽ സംബന്ധിക്കാനിടയായതിൽ മനസ്സിൽ ഏറെ സന്തോഷം അനുഭവിച്ചു. ദൈവനാമം മഹത്വപ്പെടട്ടെ.







## KARNATAKA CSI DIOCESE

# CHRISTU JOTHI CHURCH

## (CHINNAPPA GARDEN) - BENGALURU





ഇവിടുത്തെ യോഗങ്ങൾ അനുഗ്രഹമായിരുന്നു. സഭാപാസ്റ്റർ റവ.ജോൺ പീറ്റർ അവർകൾ യോഗങ്ങൾക്കു അദ്ധ്യക്ഷ്യം വഹിച്ചു. 30 വർഷങ്ങൾക്കു മുമ്പ് വളരെ ചെറിയ സഭയായിരുന്നപ്പോൾ ഇവിടെ ഞാൻ പ്രസംഗിച്ചിരുന്നു. ഇന്ന് വലിയ സഭയായി വളർന്നിരിക്കുന്നു. സഭാ സെക്രട്ടറി എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ദൈവനാമം മഹത്വപ്പെടട്ടെ.

# IMS MISSIONARY FAMILY RETREAT
## BENGALURU - (KARNATAKA)










### IMS - മിഷൻ സഹകാരികളുടെ സമ്മേളനം

2017 ഒക്ടോബർ മാസം 29–ാം തിയതി ബാംഗ്ലൂരിലെ സെന്റ് ജോൺ സ്കൂൾ ആഡിറ്റോറിയത്തിൽ വച്ച് ഐ.എം.എസ് സഹകാരികളുടെ സമ്മേളനം നടന്നു.

15 പുതിയ സ്പോൺസർമാർ മിഷനറികൾക്കു കൈത്താങ്ങ് നല്കുവാൻ മുമ്പോട്ടു വന്നു. ഇന്ത്യയിലെ മിഷൻ സ്ഥാപനങ്ങളിൽ മിഷനറിമാർക്ക് ഉയർന്ന കൂട്ടായ്മ നല്കുന്ന സ്ഥാപനവും ഐ.എം.അസ് എന്ന് ഞാൻ അറിഞ്ഞു. മിഷനറിയ്ക്ക് മാസം തോറും Rs.12,000/–,മിഷനറിയുടെ ഭാര്യയ്ക്ക് Rs.6,000/– മായി Rs.18,000 രൂപ ക്രമമായി നല്കുന്നത് ചെറിയ കാര്യമല്ല. ബ്രദർ.നേസകുമാർ യോഗങ്ങളെ ഏകോപിപ്പിച്ചു. ബ്രദർ.ജയചന്ദ്രൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ബ്രദർ.തങ്കസ്വാമിയും പ്രാർത്ഥനാ റ്റീം അംഗങ്ങളും യോഗങ്ങൾക്ക് നേതൃത്വം നല്കി. ഈ യോഗത്തിന് നിർബന്ധപൂർവ്വം എന്നെക്ഷണിച്ച ഐ.എം.എസിന്റെ ചുമതലക്കാരിൽ ഒരാളായ ബ്രദർ.സ്റ്റാൻലി അവർകൾക്കു എന്റെ പ്രത്യേക നന്ദി.

സെന്റ്.ജോൺ സി.എസ്.ഐ ചർച്ച് പാസ്റ്റർ റവ.വിൽസൺ, റിട്ട.പാസ്റ്റർ.റവ.സെൽവൻ, ഐ.എം.എസ് ട്രഷറർ ബ്രദർ.ഗോഡ്ഫ്രെ, സെന്റ്.ജോൺ സ്കൂൾ റിട്ട.പ്രിൻസിപ്പാൾ എന്നിവർ ഈ യോഗത്തിൽ സംബന്ധിച്ചത് ശ്രദ്ധേയമത്രേ. യോഗം വളരെ അനുഗ്രഹമായിരുന്നു. ജാമക്കാരൻ വായനക്കാർ പല സ്ഥലങ്ങളിൽ നിന്ന് കടന്നുവന്നു. ദൈവനാമം മഹത്വപ്പെടട്ടെ.

# മണി ട്രാൻസ്ഫർ & ഓൺലൈൻ മണി ട്രാൻസ്ഫർ

നിങ്ങളുടെ വഴിപാടുകൾ (കാണിക്ക) ചെക്കായിട്ടോ ഡ്രാഫ്റ്റായിട്ടോ ഓൺലൈൻ വഴിയായോ അയക്കണം എന്ന് പരിശുദ്ധാത്മാവ് നിങ്ങളെ പ്രേരിപ്പിക്കുമെങ്കിൽ താഴെ പറയുന്ന എന്റെ പഴയ ബാങ്ക് അക്കൗണ്ടിൽ തന്നെ അയക്കേണ്ടതാണ്. പണം അയച്ചവർ അതിന്റെ വിവരങ്ങളെ കത്തുവഴിയായിട്ടോ ഇ–മെയിൽ വഴിയായിട്ടോ നിങ്ങളുടെ ഫോൺ നമ്പർ വെച്ച് എന്നെ അറിയിച്ചാൽ രസീതു അയക്കാനും പ്രാർത്ഥിക്കാനും വളരെ പ്രയോജനമായിരിക്കും. ഇതുവരെ പണം അയച്ച് ഈ ദൈവ വേലയെ സഹായിച്ചവർക്ക് നന്ദി രേഖപ്പെടുത്തുന്നു. (എബ്രായർ 6:10).

**Name : Dr. M.G.E. PUSHPARAJ**

1) **Bank Name :** **(SBI) State Bank of India**
**Srirangapalayam Branch - SALEM -1970**

**A/c No. 10764116842**

**IFSC CODE : SBIN0001970-10764116842**

**SWIFT CODE : SBININBB637 - 10764116842**

2) **Bank Name:** **CANARA BANK,**
**Suramangalam Branch - 1219**

**A/c No. 1219101013622**

**IFSC CODE : CNRB0001219 - 1219101013622**

**SWIFT CODE: CNRBINBBSLM - 1219101013622**

# ക്രിസ്ത്യാനികൾ

അന്തോക്യയിലെ "ശിഷ്യന്മാർക്ക്" ലോകത്തിൽ ആദ്യമായി "ക്രിസ്ത്യാനികൾ" എന്ന പേര് ലഭിച്ചു. ശിഷ്യൻ എന്നാൽ **വിധേയപ്പെട്ടവൻ, അനുഗമിക്കുന്നവൻ, അച്ചടക്കമുള്ളവൻ, ഫടിതാവ്** എന്നൊക്കെ അർത്ഥം. ഇവിടെ "ശിഷ്യന്മാർ" എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് കർത്താവിന്റെ 12 അപ്പൊസ്തലന്മാരെ അല്ല. മറിച്ച്, ആദ്യ നൂറ്റാണ്ടിൽ ക്രിസ്തുവിശ്വാസത്തിലേയ്ക്കു വന്ന എല്ലാവരും (ആണും പെണ്ണും) കർത്താവിനെ പഠിക്കുവാൻ, അനുഗമിക്കുവാൻ കർത്താവിനായി ജീവിക്കുവാൻ തീരുമാനമെടുത്തവർ ആയിരുന്നു. അങ്ങനെയുള്ളവർക്കാണ് "ക്രിസ്ത്യാനികൾ" എന്ന പേര് വീണത്. 'സാക്ഷി' എന്ന് കേട്ടയുടൻ 'രക്തസാക്ഷി' എന്ന് തെറ്റിദ്ധരിക്കരുത്. ചിന്തകൊണ്ടും, വാക്കുകൊണ്ടും, പ്രവൃത്തികൊണ്ടും കൃപയിലാശ്രയിച്ച് വചനപ്രകാരം പരിശുദ്ധാത്മ നിറവിൽ ക്രിസ്തുവിനായി ജീവിക്കുന്നവരാണ് "ശിഷ്യന്മാർ."

ഈ നവവത്സരത്തിലും കർത്താവ് തരുന്ന നാളൊക്കെയും വീട്ടിലും, പരിസരത്തും നാം പോകുന്നിടത്തൊക്കെയും 'സാക്ഷി' കളായി ജീവിച്ച് ദൈവനാമം മഹത്വപ്പെടുത്താം.

"ഞാൻ, ഞാൻ തന്നേ, യഹോവ; ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല. നിങ്ങളുടെ ഇടയിൽ ഒരു അന്യദേവനല്ല, ഞാൻ തന്നേ പ്രസ്താവിക്കയും രക്ഷിക്കയും കേൾപ്പിക്കയും ചെയ്തതു; അതുകൊണ്ടു നിങ്ങൾ എന്റെ സാക്ഷികൾ എന്നു യഹോവയുടെ അരുളപ്പാടു; ഞാൻ ദൈവം തന്നേ." യെശ 43:12.

JANUARY 2018

Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.